കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# തിരൂരങ്ങാടി നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം25/1079/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
E-mail: dompm.ksad@kerala.gov.in

തിയ്യതി 18/06/2019

സിനീയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

തിരൂരങ്ങാടി നഗരസഭ

സർ,

വിഷയം : തിരൂരങ്ങാടി നഗരസഭ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

........

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 22,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്.

എബികെ 06/19

നം.കെ.എസ്.എ-എം.പി.എം25/1079/2019

തിയ്യതി: 18/06/2019

# മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 19-10-2017 മുതൽ 01-05-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സുധാദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02-05-2019 മുതൽ 16-05-2019 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. പി. സാബു | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സക്കീർ ഹുസ്സൈൻ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലീം പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ബിജേഷ്.എ.എസ് | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് നൗഷാദ്.എ.കെ | ഓഡിറ്റർ |

**ബി) <u>നിർവഹണാധികാരികൾ</u>**

**ചെയർമാൻ**

| | |
|---|---|
| ശ്രീമതി. റഹീദ കെ. ടി. | 01-04-2017 മുതൽ 31-03-2018 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ. എസ്. ജയകുമാർ | 01-04-2017 മുതൽ 31-03-2018 വരെ |

## നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ദർശന വി. എസ്. ലാൽ | 01.04.2017 മുതൽ 14.04.2017 വരെ |
| | ശ്രീ. ഷാജി. പി | 15.04.2017 മുതൽ 06.08.2017 വരെ |
| | ശ്രീ. രത്നാകരൻ. എ. കെ | 07.08.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. സാജു ജോർജ് | 01.04.2017 മുതൽ 31.03.2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. മിനി പിലാക്കാട്ട് | 01.04.2017 മുതൽ 31.03.2018 വരെ |
| പ്രിൻസിപ്പാൾ | ശ്രീ. ദിലീപ് ആർ. പി | 01.04.2017 മുതൽ 02.04.2017 വരെ |
| | ശ്രീ. മൊഹമ്മദലി എൻ (ഇൻ ചാർജ്) | 03.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ. ദിലീപ് ആർ. പി | 01.06.2017 മുതൽ 28.07.2017 വരെ |
| | ശ്രീ. അബ്ദുൾ ഗഫൂർ (ഇൻ ചാർജ്) | 29.07.2017 മുതൽ 31.07.2017 വരെ |
| | ശ്രീ. വിശ്വനാഥൻ പറമ്പിൽ | 01.08.2017 മുതൽ 14.01.2018 വരെ |
| | ശ്രീ. മൊഹമ്മദലി എൻ (ഇൻ ചാർജ്) | 15.01.2018 മുതൽ 30.03.2018 വരെ |
| | ശ്രീ. വിശ്വനാഥൻ പറമ്പിൽ | 31.03.2018 |
| സൂപ്രണ്ട്, താലൂക്ക് ആശുപത്രി (മെഡിക്കൽ ഓഫീസർ) | ഡോ. ഷാജഹാൻ. എം | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. വന്ദന. ബി. ജെ | 01.04.2017 മുതൽ 16.07.2017 വരെ |
| | ഡോ. പ്രശാന്ത്. ജി | 17.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അനൂപ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ. അബ്ദുസ്സലാം.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. അബു സയ്യദ്. എസ് | 01.04.2017 മുതൽ 22.10.2017 വരെ |
| | ശ്രീ. അനീസ്. സി | 23.10.2017 മുതൽ 22.12.2017 വരെ |
| | ശ്രീമതി.ദീപ്തി. എൽ | 23.12.2017 മുതൽ 31.03.2018 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് AUEGS | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | **ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | രസീത് ബുക്കുകളുടെ പരിശോധന - അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി-ഈടാക്കിയില്ല / അപാകതകൾ | 2-2 |
| 15 | രജിസ്റ്റർ ചെയ്യാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-3 |
| 16 | ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു. | 2-4 |
| 17 | ബിൽഡിംഗ് പ്ലാൻ - അപാകതകൾ | 2-5 |
| 18 | 'നിലം' ഭൂമിയിൽ നടപടിക്രമങ്ങൾ പാലിക്കാതെ നിർമ്മാണം അനുവദിച്ചു | 2-6 |
| 19 | വസ്തു നികുതി - പൊതു അപാകതകൾ | 2-7 |
| 20 | കെട്ടിടത്തിന് നമ്പരിട്ട് നൽകാൻ കാലതാമസം നേരിട്ടതിനാൽ വസ്തു നികുതി ഇനത്തിൽ നഷ്ടം | 2-8 |
| 21 | നഗരസഭയിൽ തനതു ഫണ്ടിനായി ക്രമവിരുദ്ധമായി അക്കൗണ്ടുകൾ നിലനിർത്തുന്നു | 2-9 |
| 22 | ഡി&ഒ ലൈസൻസ് അനുവദിച്ചതും നിലവിലുള്ളതുമായ കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ല | 2-10 |
| | **ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 23 | ടെണ്ടർ ഡിഡക്ഷൻ ബില്ലിൽ തെറ്റായി കുറവു ചെയ്തതുമൂലം കരാറുകാരന് അധികം നൽകി- | 3-1 |
| 24 | കരാറുകാരന് സർവ്വീസ് ടാക്സ് ഇനത്തിൽ തുക നൽകിയത് മൂലം അധികചെലവ്- | 3-2 |
| 25 | നഗരസഭാ ഓഫീസിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ-വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായും ഉപയോഗിച്ചില്ല-ആദായ നികുതി ഈടാക്കിയില്ല- | 3-3 |
| 26 | വിവിധ വാർഡുകളിൽ LED ലൈറ്റ് സ്ഥാപിക്കൽ -നിർവ്വഹണത്തിലെ അപാകതകൾ | 3-4 |
| 27 | എസ്സ്.സി.കുട്ടികൾക്ക് ലാപ് ടോപ്പ്- നിർവ്വഹണത്തിലെ അപാകതകൾ | 3-5 |
| 28 | വിവിധ ഡെപ്പോസിറ്റ് പദ്ധതികൾക്ക് തുക നൽകിയത് - വിനിയോഗ രേഖകളില്ല. | 3-6 |
| 29 | സ്റ്റോക്ക് രജിസ്റ്റർ എഴുതുന്നതിലെ അപാകതകൾ സംബന്ധിച്ച് | 3-7 |
| 30 | കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് സംബന്ധിച്ച്- | 3-8 |
| 31 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ | 3-9 |
| 32 | അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്ട്- ഒരു അവലോകനം | 3-10 |
| 33 | സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനാവുന്നില്ല. | 3-11 |
| 34 | പരിശോധന നടത്താതെ വൈദ്യുതി ബില്ലുകൾ അനുവദിക്കുന്നു. | 3-12 |
| 35 | ഇൻസിനറേറ്റർ പ്രയോജനപ്പെടുത്താനായില്ല. | 3-13 |
| 36 | കുടിവെള്ള പദ്ധതിക്ക് മോട്ടോർ. | 3-14 |
| 37 | മസ്റ്റർ റോൾ സാക്ഷ്യപ്പെടുത്തുന്നില്ല. | 3-15 |
| 38 | പ്രോജക്റ്റ് തയ്യാറാക്കാതെ തനത് ഫണ്ടിൽ നിന്ന് നേരിട്ട് ചെലവ് ചെയ്യുന്നു. | 3-16 |
| 39 | അനുബന്ധ രേഖകൾ ഇല്ല. ചെലവ് തുക തടസ്സം ചെയ്യുന്നു. | 3-17 |
| 40 | മരാമത്ത് വർക്ക് സെക്രട്ടറി നേരിട്ട് ചെയ്തു. | 3-18 |
| 41 | സാനിറ്റേഷൻ പ്രവർത്തനങ്ങൾക്ക് തുക. വിനിയോഗ വിശദാംശങ്ങൾ ഇല്ല. | 3-19 |
| 42 | ചെലവ് പത്രികയിൽ വസ്തുതാപരമായ പിഴവ്. | 3-20 |
| 43 | ടി. എ അഡ്വാൻസ് - ക്രമീകരിച്ചില്ല | 3-21 |
| 44 | തനത് ഫണ്ട് വൌച്ചറുകൾ സൂക്ഷിക്കുന്നതിൽ അപാകത. | 3-22 |
| 45 | സ്കോളർഷിപ്പ് വിതരണം ചെലവ് രേഖകൾ അപൂർണ്ണമാണ്. | 3-23 |
| 46 | ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല | 3-24 |

| | | |
|---|---|---|
| | ഭാഗം IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 47 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 48 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 49 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 50 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 51 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 52 | ഓഡിറ്റ് റിക്കവറി | 4-6 |
| 53 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 54 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 55 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 56 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 57 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 29.03.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-07-2018 | 07-08-2018 | - | - |

കുറിപ്പ്:- വാർഷിക കണക്കുകൾ നിയമപ്രകാരമുള്ള സമയപരിധിക്കകം സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 01-09-2018 മുതൽ 03-09-2018 വരെ | കെ.എസ്.എ.എം.പി.എം 25/ 2058/2018 തീയതി: 10-10-2018 |

## 1-4 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| ഇനം | വർഷം 2017-18 |
|---|---|
| മുന്നിരിപ്പ് | 23026938 |
| വരവ് | 96309335 |
| ആകെ | 119336273 |
| ചെലവ് | 82572915 |
| നീക്കിയിരിപ്പ് | 36763358 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 31050000 | 31050000 | 18380211 | 12669789 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2920000 | 2920000 | 2634814 | 285186 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 27818 | 27818 | 0 | 27818 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5717585 | 5717585 | 5026074 | 691511 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5172488 | 5172488 | 3581052 | 1591436 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 13846016 | 13846016 | 6226368 | 7619648 |
| കെ.എൽ.എസ്.ജി.ഡി.പി central (ACR പ്രകാരം) | 0 | 349303 | 349303 | 349303 | 0 |
| കെ.എൽ.എസ്.ജി.ഡി.പി state (ACR പ്രകാരം) | 0 | 1026633 | 1026633 | 1026633 | 0 |
| ബി ഫണ്ട് | 0 | 60975980 | 60975980 | 60975980 | 0 |
| തനത് ഫണ്ട്- ICICI, ചെമ്മാട് | 950608 | 13596203 | 14546811 | 11372953 | 3173858 |
| തനത് ഫണ്ട് – HDFC, ചെമ്മാട് | 1812868 | 12 | 1812880 | 1800325 | 12555 |
| തനത് ഫണ്ട് – TSC ബാങ്ക് | 13508911 | 13422150 | 26931061 | 14985971 | 11945090 |
| ട്രഷറി ടി.എസ്.ബി | 2903133 | 19331707 | 22234840 | 7031451 | 15203389 |
| എസ്.ബി.ടി SSA | 2217387 | 82594 | 2299981 | 0 | 2299981 |
| എസ്.ബി.ടി OAP | 76669 | 0 | 76669 | 76669 | 0 |
| എസ്.ബി.ടി സാക്ഷരത | 73372 | 2096 | 75468 | 0 | 75468 |
| കനറാ – ഹരിയാലി | 106854 | 4108 | 110962 | 0 | 110962 |
| എസ്.ബി.ടി Zero | 435899 | 106956 | 542855 | 70273 | 472582 |
| സ്വച്ഛ് ഭാരത് മിഷൻ | 561356 | 169031 | 730387 | 126907 | 603480 |
| TSCB Distress | 135186 | 75125 | 210311 | 3000 | 207311 |
| കനറാ – NULM | 181483 | 448941 | 630424 | 440050 | 190374 |
| ICICI – PMAY | 0 | 11684331 | 11684331 | 9870000 | 1814331 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2017-18 | 205 | 103185251 | 144 | 51508480 | 49 | 12 | 70.24 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 തൊഴിലുറപ്പ് AUEGS

AUEGS-ന് 2017-18 വർഷത്തിൽ വരവോ, ചെലവോ വന്നിട്ടില്ല.

# 1-8 ക്ഷേമപദ്ധതികൾ

2017-18 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10680 | 19 |
| കർഷക തൊഴിലാളി പെൻഷൻ | 2149000 | 767 |
| വിധവാ പെൻഷൻ | 18722500 | 6281 |
| വാർദ്ധക്യകാല പെൻഷൻ | 33019300 | 9926 |
| വികലാംഗ പെൻഷൻ | 6417100 | 2082 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 507400 | 172 |
| വിവാഹ ധനസഹായം | 150000 | 5 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02-05-2019ന് രാവിലെ 11:00-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. വരവുകൾ അതേ ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നതിനാൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

# 1-10 ആഭ്യന്തര നിയന്ത്രണം

1) കെട്ടിടനിർമ്മാണം സംബന്ധിച്ച ഫയലുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് നൽകിയതിന്റെയും ക്രമവത്കരിച്ചതിന്റെയും ആവശ്യപ്പെട്ട ഫയലുകൾ മുഴുവൻ ലഭ്യമായില്ല.
2) കെട്ടിട നിർമ്മാണത്തിന്റെയും, നിർമ്മാണം പൂർത്തീകരിച്ച് നമ്പർ നൽകുന്നതിന്റെയും ഫയലുകൾ വ്യത്യസ്ത ഫയൽ നമ്പറുകളിൽ നിലനിർത്തുന്നതിനാൽ ഫയൽ ഹാജരാക്കാൻ കാലതാമസം നേരിടുന്നു.

3.വിവിധ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെയും തൊഴിൽ നികുതി യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കാത്തതുമൂലം ഭീമമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.
4.വസ്തു നികുതി ഈടാക്കുന്നതിനായി വാർഡുകളെ പ്രാഥമിക/ദ്വിതീയ മേഖലകളായി തിരിച്ചതിലെ അപാകതകൾ മൂലവും നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്നുണ്ട്.
5. നഗരസഭാ അതിർത്തിയിലുള്ള എല്ലാ പാരാമെഡിക്കൽ/ട്യൂട്ടോറിയൽ കോളേജുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.
6. നഗരസഭയിൽ വാങ്ങിയിട്ടുള്ള കമ്പ്യൂട്ടർ ,ഫർണിച്ചർ തുടങ്ങിയവയുടെ ഒന്നും തന്നെ സ്റ്റോക്ക്- വിതരണ രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
7. നഗരസഭാ ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ വൗച്ചറുകൾ മാസം തിരിച്ച്, ക്രമത്തിൽ ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല.
8.വൗച്ചറുകളിൽ പലതിലും ചെയർപേഴ്സൺ/സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കുന്നില്ല.
9.രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിലും, അവയുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിലും വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ്* | 12.11.15 – 24.11.15 | 1.10.15 മുതൽ 30.10.15 വരെ | വിവരം ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.12.18 – 11.01.19 | 2013-14 മുതൽ 2017-18 | 21.02.19 |

(*കുറിപ്പ് : പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടുള്ളത് ഗ്രാമപഞ്ചായത്ത് ആയ സമയത്താണ്. ഇതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. തിരൂരങ്ങാടി നഗരസഭയായതിനു ശേഷം (01.11.15 മുതൽ) പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല)

# 1-12 വാർഷിക കണക്കിലെ അപാകതകൾ

1. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ ഉൾപ്പെടുത്തുന്നില്ല.

2. തൊഴിൽ നികുതി, ഡി & ഒ, വാടക സംബന്ധിച്ച രജിസ്റ്ററുകൾ പൂർണ്ണമല്ല. ഡി.സി.ബി സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.

3. വസ്തു നികുതിയുടെ തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതു കണക്കാക്കിയത് സംബന്ധിച്ച വർക്ക്-ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

4. ഋണശീർഷ വരവുകൾ ഉൾപ്പെടുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ, നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ള തുകകൾ ഉൾപ്പെടുന്ന അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സ്ഥാപനം സൂക്ഷിക്കുന്നില്ല.

5. സ്ഥിരനിക്ഷേപങ്ങൾ ഉൾപ്പെടുന്ന ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ സ്ഥാപനം കാലികമായി സൂക്ഷിക്കുന്നില്ല.

6. വെറ്ററിനറി സർജൻ, പ്രിൻസിപ്പൾ (ഹയർ സെക്കണ്ടറി സ്കൂൾ), കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നഗരസഭയിൽ നിന്നുള്ള വരവ്-ചെലവുകൾ പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രിൻസിപ്പൾ (ഹയർ സെക്കണ്ടറി സ്കൂൾ) നഗരസഭയിൽ നിന്നുള്ള വരവുകൾ TR-7A കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

7. 2016-17 വർഷത്തെ അക്കൗണ്ട് പരിശോധനയിൽ പരാമർശിച്ച അപാകതകളിൽ ഇനിയും പരിഹരിക്കാൻ അവശേഷിക്കുന്നവയുണ്ട്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് ബുക്കുകളുടെ പരിശോധന - അപാകതകൾ

രസീത് ബുക്കുകൾ, അവയുടെ സ്റ്റോക്ക് എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കും ഫിസിക്കൽ വെരിഫിക്കേഷനിൽ കണ്ടെത്തിയ സ്റ്റോക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇഷ്യൂ ചെയ്ത രസീത് ബുക്കുകൾ / സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 4 രസീത് ബുക്കുകളാണ് നീക്കിയിരിപ്പുള്ളത്. എന്നാൽ സ്റ്റോക്ക് ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയപ്പോൾ ആകെ 103 രസീത് ബുക്കുകൾ സ്റ്റോക്കിലുള്ളതായി കണ്ടു.

മാത്രമല്ല, 180ാം നമ്പർ രസീത് ബുക്ക് ഫിസിക്കൽ വെരിഫിക്കേഷനിൽ കണ്ടില്ലായിരുന്നു. ഇത് പരിശോധനക്ക് ഹാജരാക്കിയിട്ടുമില്ലായിരുന്നു. മേൽ രസീത് ബുക്ക് 'മിസ്സിംഗ്-നോട്ട് ഇഷ്യൂഡ് ' എന്ന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.

വൗച്ചർ നമ്പർ 728/17-18 തിയതി-09.03.18 പ്രകാരം തിരുവനന്തപുരം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും 100 രസീത് പുസ്തകങ്ങൾ കൈപ്പറ്റി പണം നൽകിയതായി കാണുന്നു, എന്നാൽ മേൽ രസീത് പുസ്തകങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല.

28.11.17 മുതൽ സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തുന്നില്ല.

2) രസീത് ബുക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

രസീത് ബുക്കുകൾ കളക്ഷൻ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിന് മുമ്പ് രസീതുകൾ പരിശോധിച്ച് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ചെയ്യേണ്ടതാണ്. എന്നാൽ 182, 183, 184, 185, 186, 187, 188, 189, 190, 193, 194, 195, 198 എന്നീ രസീത് ബുക്കുകളിൽ ഇപ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ ഉൾപ്പെടുത്തിയിട്ടില്ല.

3) ക്യാൻസൽ ചെയ്ത രസീതുകളിൽ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ക്യാൻസൽ ചെയ്ത രസീതുകൾ ഡ്യൂപ്ളിക്കേറ്റ് സഹിതം സൂക്ഷിച്ചിട്ടുണ്ടെങ്കിലും ക്യാൻസൽ ചെയ്യാനുണ്ടായ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ചില ഉദാഹരണങ്ങൾ: 202/20116, 200/19912, 190/18917

4) രസീതുുകൾ ഉപയോഗിച്ചപ്പോൾ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല.

ബുക്ക് നമ്പർ 183ൽ 18241 മുതൽ 18253 വരെ, ബുക്ക് നമ്പർ 199ൽ 19841 മുതൽ 19900 വരെ, ബുക്ക് നമ്പർ 200ൽ 19901 മുതൽ 19916 വരെ, എന്നീ രസീതുകളിൽ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 18/14.05.19ന് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്കിലുള്ള 103 രസീത് ബുക്കുകൾ അറിവില്ലായ്മയാൽ സ്റ്റോർ രജിസ്റ്ററിൽ ചേർത്തതാണെന്നും ആയവ കൗൺസിൽ തീരുമാന പ്രകാരം പുതുതായി സ്റ്റോക്ക് എൻട്രി ചെയ്ത് നീക്കിയിരിപ്പ് രേഖപ്പെടുത്തിപ്പോരുന്നതാണെന്നും അറിവില്ലായ്മയാലും വർഷാവസാനത്തെ തിരക്കുകൾ കാരണവും സംഭവിച്ച മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചു. കാണാതായിരുന്ന 180ാം നമ്പർ രസീത് പുസ്തകം തിരഞ്ഞെടുത്ത് ഹാജരാക്കുകയും ചെയ്തു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-2 തൊഴിൽ നികുതി-ഈടാക്കിയില്ല / അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരമുള്ള തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഓഡിറ്റ് വർഷത്തിൽ ചില വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. 2017-18 സാമ്പത്തിക വർഷത്തെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ നഗരസഭ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I) ചുവടെ ചേർത്ത ജീവനക്കാർ ഒന്നാം അർദ്ധ വർഷത്തിൽ നഗരസഭ പരിധിയിൽ 60 ദിവസത്തിലധികം ജോലി ചെയ്ത ശേഷമാണ് അവരുടെ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയോ സ്ഥലം മാറിപ്പോകുകയോ ചെയ്തത്. സ്ഥലം മാറ്റം ലഭിച്ചവർക്ക് ഒന്നാം അർദ്ധ വർഷത്തിൽ 60 ദിവസങ്ങൾ ശേഷിക്കുന്നുമില്ല. അവരിൽ ഒന്നും ഒന്നാം അർദ്ധ വർഷത്തിൽ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | പേര് | തസ്തിക/സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | വിരമിച്ച / സ്ഥലം മാറിപ്പോയ തിയതി |
|---|---|---|---|---|
| 1 | മഹമൂദ് പി | അസോ. പ്രൊഫസർ, PSMO കോളേജ് തിരൂരങ്ങാടി | 306990/- | 31.05.2017 (വിരമിച്ചു) |
| 2 | ഷമീല സി | ജൂ. അക്കൗണ്ടന്റ്, സബ് ട്രഷറി, തിരൂരങ്ങാടി | 150390/- | 07.08.2017 |
| 3 | ജിപിൻ ജി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, DEO-തിരൂരങ്ങാടി | രേഖപ്പെടുത്തിയിട്ടില്ല | 17.07.2017 |
| 4 | ഡോ. വന്ദന | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ഡിസ്പെൻസറി, തിരൂരങ്ങാടി | രേഖപ്പെടുത്തിയിട്ടില്ല | 16.07.2017 |
| 5 | അനൂപ് എ | ഫാർമസിസ്റ്റ്, ഗവ. ആയുർവ്വേദ ഡിസ്പെൻസറി, തിരൂരങ്ങാടി | രേഖപ്പെടുത്തിയിട്ടില്ല | 04.07.2017 |

II) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അതാതിന് നേരെ ചേർത്ത അർദ്ധ വർഷങ്ങളിൽ ഈടാക്കിയിട്ടില്ല. പ്രവർത്തിക്കാതിരുന്ന സ്ഥാപനങ്ങളായിരുന്നെങ്കിൽ അക്കാര്യം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

| ക്രമ നം. | അസസ്സ്മെന്റ് നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | 69 | പോസ്റ്റ് ഓഫീസ് കക്കാട് | II |
| | | | |

| | | | |
|---|---|---|---|
| 2 | 79 | HDFC ബാങ്ക്, ചെമ്മാട് | II |
| 3 | 161 | ക്ലാസ്സിക് ഡെന്റൽ ക്ലിനിക് | II |
| 4 | 162 | അൽ-ഖൈർ ഡെന്റൽ ക്ലിനിക് | II |
| 5 | 163 | ശാഫി മർമ്മ ചികിത്സാലയം | II |
| 6 | 164 | അൽ അമീൻ യൂനാനി ആശുപത്രി | II |
| 7 | 127 | ശിഫ അക്യൂപങ്ച്ചർ&ഹിജാമ സെന്റർ കക്കാട് | I |
| 8 | 136 | സ്റ്റാർ പെട്രോളിയം, വെന്നിയൂർ | I |
| 9 | 139 | കേരള വാട്ടർ അതോറിറ്റി, തിരൂരങ്ങാടി | I |
| 10 | 143 | ഉദയ പ്രിന്റേഴ്സ്, വെന്നിയൂർ | I |
| 11 | 144 | SSMO TTI തിരൂരങ്ങാടി | I |
| 12 | 151 | നൂറുൽ ഹുദാ ഇംഗ്ലീഷ് സ്കൂൾ | I |
| 13 | 155 | പോസ്റ്റ് ഓഫീസ് വെന്നിയൂർ | I |
| 14 | 156 | വേങ്ങര പെട്രോളിയം ഏജൻസി, കക്കാട് | I |

III) ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അതാതിന് നേരെ ചേർത്ത അർദ്ധ വർഷങ്ങളിൽ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | എക്സൽ മാർബിൾസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | II |
| 2 | MKH ഓർഫനേജ് ആശുപത്രി | II |
| 3 | ദി കോട്ടക്കൽ കോപ്പറേറ്റീവ് ബാങ്ക് | II |
| 4 | MDC ബാങ്ക്, ചെമ്മാട് ബ്രാഞ്ച് | II |
| 5 | ഷിഫ അക്യൂപങ്ച്ചർ&ഹിജാമ | I |
| 6 | ഡോ.ദിൽഷാദ് ഹോമിയോ ക്ലിനിക് | I |
| 7 | സ്റ്റാർ പെട്രോളിയം ഏജൻസി | I |
| 8 | മലബാർ ഡെന്റൽ ക്ലിനിക് | I |
| 9 | എസ്.ബി.ഐ | II |
| 10 | എസ്.ബി.ഐ തിരൂരങ്ങാടി | II |
| 11 | ICICI ബാങ്ക് | II |
| 12 | CH എഞ്ചിനീയറിംഗ് വർക്ക്സ് | II |
| 13 | മലപ്പുറം ജില്ലാ കോപ്പറേറ്റീവ് ബാങ്ക് | I |

തഴിൽ/സ്ഥാപന തൊഴിൽ നികുതികൾ ഈടാക്കാത്ത സ്ഥാപനങ്ങളിൽ / ജീവനക്കാരിൽ നിന്നും അവ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും നികുതികൾ മുൻപേ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം അക്കാര്യം അറിയിക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 04/07.05.19ന് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ ചെമ്മാട് ഡെന്റൽ ക്ലിനിക്, തിരൂരങ്ങാടി അഗ്രി. വർക്കേഴ്സ് വെൽഫെയർ കോപ്പറേറ്റീവ് സൊസൈറ്റി, ഫാത്തിമ ഡെന്റൽ ക്ലിനിക്, ഗവ. വെറ്റിനറി ഡിസ്പെൻസറി, തിരൂരങ്ങാടി

എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2017-18 വർഷത്തെ തൊഴിൽ നികുതികളും പിഴയും ഫാത്തിമ ഡെന്റൽ ക്ലിനികിന്റെ സ്ഥാപന തൊഴിൽ നികുതിയും പിഴയും ഉൾപ്പടെ ആകെ 10932/-രൂപ ഓഡിറ്റ് വേളയിൽ ഈടാക്കി അറിയിക്കുകയും മേൽ പട്ടികകളിൽ(I, II, II) പരാമർശിച്ചിട്ടുള്ള ഇനിയും തൊഴിൽ/സ്ഥാപന തൊഴിൽ നികുതികൾ അടവാക്കാത്ത സ്ഥാപനങ്ങളിൽ / ജീവനക്കാരിൽ നിന്നും അവ ഈടാക്കുന്നതിന് കത്ത് നൽകി തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും ആയത് ഒടുക്കുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചു.

മേൽ സ്ഥാപനങ്ങളിൽ / ജീവനക്കാരിൽ (പട്ടിക-I, II, II) നിന്നും തൊഴിൽ/സ്ഥാപന തൊഴിൽ നികുതികൾ പിഴ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 രജിസ്റ്റർ ചെയ്യാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

തിരൂരങ്ങാടി നഗരസഭ 2017-18 വർഷത്തിൽ ചുവടെ ചേർത്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ലൈസൻസ് നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 298 | ചെമ്മാട് ഡയഗ്നോസ്റ്റിക്, മെഡിക്കൽ ലാബ് |
| 2 | 323 | ഷാഫി ആയുർവ്വേദ മർമ്മ ചികിത്സാലയം, ആയുർവ്വേദ ക്ലിനിക് |
| 3 | 594 | നാഷനൽ മെഡിസിറ്റി. ലാബ്, ഫാർമസി, ഡെന്റൽ ക്ലിനിക് |
| 4 | 780 | മെഡിക്കൽ ലാബ്, ഡോ.മോഹനൻ എം |
| 5 | 795 | ശിഫ ആയുർവ്വേദ, യുനാനി ക്ലിനിക് |
| 6 | 805 | താജ് ഡയഗ്നോസ്റ്റിക്, ലാബ് |
| 7 | 824 | യു.എം ആയുർവ്വേദ ക്ലിനിക് |
| 8 | 855 | എ.ജെ ഡെന്റൽ ക്ലിനിക് |
| 9 | 1110 | ഔഷധി ആയുർവ്വേദ ക്ലിനിക് |
| 10 | 1287 | ഡോ. നാദിയാസ് സ്കാൻ സെന്റർ |
| 11 | 1362 | വെന്നിയൂർ മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക് |

എന്നാൽ മേൽ സ്ഥാപനങ്ങൾ 1997 – ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ രജിസ്റ്റർ ചെയ്യുകയോ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടില്ല.

1997 – ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 300/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 100/- രൂപ ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 314 പ്രകാരം നിയമവിരുദ്ധമായി, രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്താൽ കുറ്റ സ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയുള്ള പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ചട്ടങ്ങൾ പാലിക്കാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 03/07.05.19 ന് ലഭ്യമാക്കിയ മറുപടിയിൽ, നീതി ലാബ്, ഫാത്തിമ ഡെന്റൽ ക്ലിനിക്(170), അമൻ ഡെന്റൽ ക്ലിനിക്, ജെ.കെ ഹെൽത്ത് കെയർ, ഫാത്തിമ ഡെന്റൽ ക്ലിനിക്(756) എന്നീ സ്ഥാപനങ്ങൾ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് വേളയിൽ രജിസ്ട്രേഷൻ ഫീസും പിഴയും ഉൾപ്പടെ ആകെ 5760/-രൂപ അടവാക്കി രജിസ്ട്രേഷൻ എടുത്തതായും ബാക്കിയുള്ള മേൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു.

മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പിഴയും ഈടാക്കി രജിസ്റ്റർ ചെയ്ത് വിവരം അറിയിക്കേണ്ടതാണ് .

# 2-4 ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു.

2011 ലെ കേരള മുനിസിപ്പാലിറ്റി(ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടികിൽ ക്രമ നമ്പർ 54പ്രകാരം റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്.

2017-18ലെ ട്രേഡേഴ്സ് ലിസ്റ്റിൽ പേജ്-88ൽ ക്രമ നമ്പർ 1287 പ്രകാരം ശ്രീ.ശിവദാസൻ, റേഷൻ ഡിലർ, ചുള്ളിപ്പാറ എന്നവരിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഇനത്തിൽ ആകെ 240/-രൂപ മാത്രം (Rs.120: 117150110521/13-03-18, Rs.120: 117150110469/12-03-18) ഈടാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പരാമർശിച്ചതൊഴികെ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കിയതിന്റെയോ അവയിൽ നിന്നും തൊഴിൽ / സ്ഥാപന തൊഴിൽ നികുതികൾ ഈടാക്കിയതിന്റെയോ യാതൊരു രേഖപ്പെടുത്തലുകളും രജിസ്റ്ററുകളിൽ കാണുന്നില്ല. അതായത് ലൈസൻസ് രജിസ്റ്ററിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.02/07-05-19 ന് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പരിധിയിലെ എല്ലാ റേഷൻ കടകളുടെയും വിവരങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ കടകൾ നഗരസഭ ലൈസൻസ് എടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകിയതായും ആയത് പ്രകാരം ലഭ്യമായ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ 14 റേഷൻകടകൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിനും ഡി&ഒ ലൈസൻസ് എടുക്കുന്നതിനും അറിയിപ്പ് നൽകിയതായും അറിയിച്ചിട്ടുണ്ട്.
തുടർനടപടി സ്വീകരിച്ച് ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് നൽകേണ്ടതും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

# 2-5 ബിൽഡിംഗ് പ്ലാൻ - അപാകതകൾ

<u>1. കെട്ടിടം നിൽക്കുന്ന പ്ലോട്ടിൽ തുറസ്സായ സ്ഥലം കുറവ്</u>

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 24(4) പ്രകാരം പത്ത് മീറ്റർ വരെ ഉയരം ഉള്ള കെട്ടിടങ്ങൾക്ക് ചുരുങ്ങിയത് 2 മീറ്റർ അളവുള്ള പിന്നാമ്പുറം ഉണ്ടായിരിക്കേണ്ടതാണ്. വാണിജ്യകെട്ടിടങ്ങളുടെ കാര്യത്തിൽ ഇത് 1.5 മീറ്ററുമാണ് (ചട്ടം 56(2)). എന്നാൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ ഈ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല.

i) ഫയൽ നം. 5731/18 തീയ്യതി 31.03.18 അപേക്ഷയിൻമേൽ ശ്രീ. അബ്ദുന്നസീർ & Others എന്നവർക്ക് നിലവിൽ രണ്ട് നിലയുള്ള (GF, FF) കെട്ടിടത്തിന്റ മുകളിൽ ഒരു നില കൂടി പണിയാനായി 31.03.18 തീയ്യതിയിൽ Residential Permit നൽകിയിരുന്നു. എന്നാൽ സൈറ്റ് പ്ലാൻ പ്രകാരം ഈ ബിൽഡിംഗിന്റെ പിൻഭാഗം അതിർത്തിയോട് ചേർന്നാണ് നിർമ്മിച്ചിട്ടുള്ളത്. ഈ ഭാഗത്ത് ആവശ്യമായ തുറസ്സായ സ്ഥലം ഇല്ല.

ii) ഫയൽ നം. 3971/18 തീയ്യതി 01.03.18 പ്രകാരം 2017-18 വർഷത്തിൽ 32/158F മുതൽ 32/158R വരെ നമ്പർ നൽകിയ ശ്രീമതി. ഷാജിത, D/o ഹുസ്സൈൻ എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റ പിൻഭാഗത്ത് 0.2 മീറ്റർ മാത്രമാണ് തുറസ്സായ സ്ഥലം ഉള്ളത്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 06/ 08.05.2019-നുള്ള അസി. എഞ്ചിനീയറുടെ മറുപടിയിൽ എഞ്ചിനീയറിംഗ് സെക്ഷന്റെ ശുപാർശയില്ലാതെ നഗരസഭാ സെക്രട്ടറി സ്വന്തം നിലക്കാണ് ഈ നിർമ്മാണങ്ങൾക്കെല്ലാം അനുമതി നൽകിയിരിക്കുന്നത് എന്ന് അറിയിച്ചിട്ടുണ്ട്.

**2. കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ കുറവ്**

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34, പട്ടിക 5.2 പ്രകാരം വാണിജ്യ കെട്ടിടങ്ങൾക്കുള്ള കുറഞ്ഞ പാർക്കിംഗ് സ്പേസ് കണക്കാക്കിയിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള കുറഞ്ഞ പാർക്കിംഗ് നൽകിയിട്ടില്ല.

i) ഫയൽ നം. 12711/17 തീയ്യതി 25.10.17 പ്രകാരം 2017-18 വർഷത്തിൽ നിർമ്മാണത്തിന് പെർമിറ്റ് നൽകിയ ശ്രീ. അബ്ദുൾ ജബ്ബാർ, ശ്രീമതി. മീര ഹുസ്സൈൻ എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം (Plinth Area) 722.11 ചതുരശ്രമീറ്ററും കാർപ്പറ്റ് ഏരിയ 577.67 ചതുരശ്രമീറ്ററും ആണ്.

| | |
|---|---|
| കെട്ടിടത്തിന് ലഭ്യമാക്കേണ്ട പാർക്കിംഗ് സ്പേസ്. (75 ച. മീ. കാർപ്പെറ്റ് ഏരിയക്ക് 1 എന്ന തോതിൽ) | 577.67/75 = 7.7 ~ 8 |
| പ്ലാൻ പ്രകാരം അനുവദിച്ച പാർക്കിംഗ് | 7 |

മേൽ പട്ടിക പ്രകാരം കെട്ടിടത്തിന് ഒര് പാർക്കിംഗ് യൂണിറ്റിന്റെ കുറവുണ്ട്.

ii) ഫയൽ നം. 719/18 തീയ്യതി 17.01.18 പ്രകാരം 2017-18 വർഷത്തിൽ 7/399D1 മുതൽ 7/399D14 വരെ നമ്പർ നൽകിയ ശ്രീ. ഗോപിനാഥൻ, കരുമാട്ട് എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണം (Plinth Area) 998 ചതുരശ്രമീറ്ററും ആണ് കാർപ്പറ്റ് ഏരിയ 772.85 ചതുരശ്രമീറ്ററും ആണ്.

| | |
|---|---|
| കെട്ടിടത്തിന് ലഭ്യമാക്കേണ്ട പാർക്കിംഗ് സ്പേസ്. (75 ച. മീ. കാർപ്പെറ്റ് ഏരിയക്ക് 1 എന്ന തോതിൽ) | 772.85/75 = 10.3 ~ 11 |

കംപ്ലീഷൻ പ്ലാനിൽ 11 പാർക്കിംഗ് യൂണിറ്റുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, നം. 3 എന്ന് രേഖപ്പെടുത്തിയ പാർക്കിംഗ് യൂണിറ്റ് ഇതേ പ്ലോട്ടിൽ ഉള്ള 7/399G മുതൽ 7/399Z വരെ കെട്ടിടമുറികളുള്ള റസിഡൻഷ്യൽ ക്വാർട്ടേഴ്സ് ബിൽഡിംഗിന്റെ ഭാഗമാണ് (ഈ വിവരം കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല) മാത്രമല്ല നം. 10 എന്ന് രേഖപ്പെടുത്തിയ പാർക്കിംഗ് യൂണിറ്റ് ക്വാർട്ടേഴ്സ് കെട്ടിടത്തിന്റെ പാർക്കിംഗ് സ്പേസിലേക്കുള്ള പ്രവേശന മാർഗമാണ്. ആ നിലക്ക് ടി കെട്ടിടത്തിന് നിലവിൽ രണ്ട് പാർക്കിംഗ് യൂണിറ്റുകളുടെ കുറവുണ്ട്.

**3. കെട്ടിടത്തിലെ മഴവെള്ളസംഭരണ സംവിധാനം സംബന്ധിച്ച്**

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 109B(3)-ൽ കെട്ടിടങ്ങളുടെ മഴവെള്ളസംഭരണ സംവിധാനത്തെകുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഗണം F-ൽ പെടുന്ന വാണജ്യകെട്ടിടങ്ങളുടെ മഴവെള്ളസംഭരണ ടാങ്കുകൾക്ക് ഒരു ചതുരശ്രമീറ്റർ കവറേജ് വിസ്തീർണ്ണത്തിന് 25 ലിറ്റർ എന്ന തോതിൽ ചുരുങ്ങിയ ശേഷി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് ഈ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല.

i) ഫയൽ നം. 13478/17 തീയ്യതി 09.01.18 പ്രകാരം 2017-18 വർഷത്തിൽ നിർമ്മാണത്തിന് പെർമിറ്റ് നൽകിയ ശ്രീ. മുസ്തഫ പറമ്പൻ എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം (Plinth Area) 1834.8 ചതുരശ്രമീറ്റർ ആണ്.

| | |
|---|---|
| കെട്ടിടത്തിന്റെ കവറേജ് വിസ്തീർണ്ണം | 848.29 ച.മീ. (എതെങ്കിലും നിലയിലെ ഏറ്റവും കൂടിയ തറവിസ്തീർണ്ണം) |
| ടാങ്കിന്റെ ചുരുങ്ങിയ ശേഷി | 848.29 X 25 = 21207 ലിറ്റർ |
| പ്ലാനിൽ അംഗീകരിച്ച ശേഷി | 10000 |

പട്ടികയിൽ സൂചിപ്പിച്ച പോലെ ടാങ്കിന്റെ ശേഷി 11207 ലിറ്റർ കുറവാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 06/ 08.05.2019-നുള്ള മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ശേഷി 10000 ലിറ്ററാണെങ്കിലും യഥാർത്ഥ ശേഷി 31200 ലിറ്റർ ആണെന്ന് അറിയിച്ചിട്ടുണ്ട്. പ്ലാനിലെ രേഖപ്പെടുത്തലുകളെല്ലാം കൃത്യമാണെന്നും, കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ മഴവെള്ളസംഭരണ ടാങ്കിന്റെ ശേഷി 31200 ലിറ്റർ ഉണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ii) ഫയൽ നം. 242/17 തീയ്യതി 06.01.17 പ്രകാരം ശ്രീ. കമ്മുക്കുട്ടി എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണം ക്രമവത്കരിച്ചു നൽകിയിരുന്നു. കംപ്ലീഷൻ പ്ലാനിൽ മഴവെള്ളസംഭരണ ടാങ്കിന്റെ ശേഷി 3000 ലിറ്റർ ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടാങ്കിന്റെ ചുരുങ്ങിയ ശേഷി ചുവടെ നിർണ്ണയിച്ചിരിക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ കവറേജ് വിസ്തീർണ്ണം | 292.69 ച.മീ. (ഏതെങ്കിലും നിലയിലെ ഏറ്റവും കൂടിയ തറവിസ്തീർണ്ണം) |
| ടാങ്കിന്റെ ചുരുങ്ങിയ ശേഷി | 292.69 X 25 = 7317 ലിറ്റർ |
| പ്ലാനിൽ അംഗീകരിച്ച ശേഷി | 3000 |

പട്ടികയിൽ സൂചിപ്പിച്ച പോലെ ടാങ്കിന്റെ ശേഷി 4317 ലിറ്റർ കുറവാണ്.
കെട്ടിടനിർമ്മാണങ്ങൾക്ക് അനുമതി നൽകുമ്പോൾ സൈറ്റ് പ്ലാൻ, ബിൽഡിംഗ് പ്ലാൻ, സർവ്വീസ് പ്ലാൻ എന്നിവ വിശദമായി പരിശോധിച്ച് അവയിൽ ചട്ടലംഘനങ്ങൾ ഇല്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-6 'നിലം' ഭൂമിയിൽ നടപടിക്രമങ്ങൾ പാലിക്കാതെ നിർമ്മാണം അനുവദിച്ചു

വില്ലേജ് ഓഫീസിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം ഭൂമിയുടെ തരം 'നിലം' എന്ന് രേഖപ്പെടുത്തിയ പ്രദേശങ്ങളിൽ കെട്ടിടനിർമ്മാണങ്ങൾ അനുവദിക്കുമ്പോൾ നഗരസഭാ സെക്രട്ടറി നിർദ്ദേശിക്കപ്പെട്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പെർമിറ്റ് വിശദാംശങ്ങൾ | ഭൂമിയുടെ വിസ്തീർണ്ണം (ആർ) | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച. മീ.) |
|---|---|---|---|
| 1 | 2419/18 Dt. 16.02.18, പാർപ്പിടം | 3.18 (സർവ്വേ നം. 25/8A1) | 241 |
| 2 | 5105/18 Dt. 21.03.18, പാർപ്പിടം | 4.05 (സർവ്വേ നം. 269) | 383.02 |
| 3 | 250/18 Dt. 15.01.18, പാർപ്പിടം | 4.99 (സർവ്വേ നം. 42/3) | 229.46 |
| 4 | 4167/18 Dt. 21.03.18, പാർപ്പിടം | 18.51 (സർവ്വേ നം. 32/1,2) | 443.47 [144.68 (Existing) + 298.79 (Proposed)] |

1. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 07/ 08.05.2019-നുള്ള മറുപടിയിൽ മേൽപട്ടികയിലെ ക്രമ നം. 1, 2 എന്നീ അപേക്ഷകളിൽ സൂചിപ്പിച്ച ഭൂമി, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം തദ്ദേസസ്ഥാപനം പ്രസിദ്ധീകരിച്ച ഡാറ്റാബാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന് എഞ്ചിനീയറിംഗ് സെക്ഷൻ അറിയിച്ചിട്ടുണ്ട്. ഇതേ നിയമത്തിലെ വകുപ്പ് 5(3)(i) പ്രകാരം ഈ തരത്തിൽപെട്ട ഭൂമിയിൽ ഉടമസ്ഥന് വീട് വയ്ക്കുന്നതിന് വേണ്ടി നഗരസഭാ പരിധിയിൽ പരമാവധി അഞ്ച് സെന്റിൽ (2.02 ആർ) കൂടുതൽ നികത്താൻ പാടുള്ളതല്ല. എന്നാൽ പട്ടികയിൽ സൂചിപ്പിച്ച ഭൂമിയുടെ വിസ്തീർണ്ണം അഞ്ച് സെന്റിൽ കൂടുതലാണ്.

2. ക്രമ നം. 3, 4 എന്നീ അപേക്ഷകളിൽ സൂചിപ്പിച്ച ഭൂമി നഗരസഭ പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ വില്ലേജ് ഓഫീസിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം 'നിലം' തരത്തിൽ പെട്ടതുമാകുന്നു. ഇപ്രകാരമുള്ള പ്രദേശങ്ങളെ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, വകുപ്പ് 2(xviഎ)-യിലെ 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ഭൂമിയുടെ സ്വഭാവ-വ്യതിയാനം സംബന്ധിച്ചുള്ള ഏതൊരപേക്ഷയും മേൽപറഞ്ഞ നിയമത്തിലെ 27എ(1) വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങളിലെ, ചട്ടം 11 എന്നിവ പ്രകാരം ഉടമസ്ഥൻ ആർ.ഡി.ഒ-ക്ക് അനുമതിക്കായി നൽകേണ്ടതാണ്. എന്നാൽ മേൽപറഞ്ഞ വ്യവസ്ഥകൾ ഒന്നും തന്നെ പാലിക്കാതെ സെക്രട്ടറി സ്വന്തം നിലക്കാണ് നിർമ്മാണത്തിന് പെർമിറ്റ് നൽകിയത്. ഇതു സംബന്ധിച്ച ഫയൽ നോട്ടുകളിൽ സർക്കുലർ നം. 994733/ആർ.എ.1/2016/തസ്വഭവ തീയ്യതി 22-12-2016 പ്രകാരം നിർമ്മാണ അനുമതി നൽകാം എന്ന് പ്രതിപാദിക്കുന്നുണ്ടെങ്കിലും, മേൽപറഞ്ഞ ആക്ടിന്റെ പ്രാബല്യതീയ്യതി മുതൽ (30.12.17) ഈ സർക്കുലറിന് സാധുതയില്ലാത്തതാകുന്നു.

മേൽപറഞ്ഞ വ്യവസ്ഥകൾ ഒന്നും തന്നെ പാലിക്കാതെ സെക്രട്ടറി സ്വന്തം നിലക്ക് നിർമ്മാണത്തിന് പെർമിറ്റ് നൽകിയത് ഗുരുതരമായ ചട്ടലംഘനമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 07/ 08.05.2019-നുള്ള മറുപടിയിൽ എഞ്ചിനീയറിംഗ് സെക്ഷന്റെ ശുപാർശയില്ലാതെ സെക്രട്ടറി നേരിട്ട് പെർമിറ്റ് നൽകിയതാണെന്നും അറിയിച്ചിട്ടുണ്ട്.

# 2-7 വസ്തു നികുതി - പൊതു അപാകതകൾ

**1. മേഖല തെറ്റായി രേഖപ്പെടുത്തുന്നതിനാൽ വസ്തു നികുതി ഇനത്തിൽ വലിയ നഷ്ടം**

നഗരസഭ അംഗീകരിച്ച വസ്തു-നികുതി പ്രകാരം വാർഡ് 8, 32 എന്നിവയെ പ്രഥമമേഖലകളാക്കി കണക്കാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ അസ്സസ്മെന്റ് രജിസ്റ്റർ പരിശോധനയിൽ ഈ വാർഡുകളിൽ വരുന്ന പല കെട്ടിടങ്ങളുടെയും മേഖല ദ്വിതീയം എന്ന് രേഖപ്പെടുത്തി വസ്തു നികുതിയിൽ 10% കുറവ് നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ്/റൂം നം. | കെട്ടിടത്തിന്റെ തരം | ഉടമസ്ഥന്റെ പേര് | മേഖല (സഞ്ചയ പ്രകാരം) | യഥാർത്ഥ മേഖല |
|---|---|---|---|---|---|
| 1 | 32/140-143 | വാണിജ്യം | കല്ലപറമ്പൻ അബ്ദുൽസലാം | ദ്വിതീയം | പ്രഥമം |
| 2 | 32/144-151 | വാണിജ്യം | തയാട്ടുചിറ പാത്തുമ്മ | ദ്വിതീയം | പ്രഥമം |
| 3 | 32/447-451 | വാണിജ്യം | മൂസ്സഹാജി | ദ്വിതീയം | പ്രഥമം |
| 4 | 8/45-50 | വാണിജ്യം | ഉപ്പിലക്കാട്ട് കുഞ്ഞിമോൻ | ദ്വിതീയം | പ്രഥമം |
| 5 | 8/95 | പാർപ്പിടാവശ്യം | മഞ്ഞമ്മാട്ടിൽ അലി | ദ്വിതീയം | പ്രഥമം |
| 6 | 8/209-214 | അസംബ്ലി കെട്ടിടം | കൊളക്കാടൻ നസൈബ | ദ്വിതീയം | പ്രഥമം |

തുടർപരിശോധനയിൽ വാർഡ് 32-ലെ അസ്സസ്മെന്റ് രജിസ്റ്ററിൽ (സഞ്ചയ) രേഖപ്പെടുത്തിയ 735 കെട്ടിട നമ്പറുകളിൽ, 555 എണ്ണവും ദ്വിതീയ മേഖലയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇത്രയും കെട്ടിടങ്ങളെ തെറ്റായ മേഖലകളിൽ ഉൾപ്പെടുത്തിയതു കാരണം വസ്തുനികുതി ഇനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നുണ്ട്.

കെട്ടിടങ്ങളെ അവയുടെ യഥാർത്ഥ മേഖലകളിൽ ഉൾപ്പെടുത്തി വസ്തു-നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

**2. മേഖലകളെ വളരെ അശാസ്ത്രീയമായി തരം തിരിക്കുന്നു**

2011-ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7, പട്ടിക 1 പ്രകാരം നഗരസഭാ പ്രദേശത്തെ വ്യത്യസ്ത മേഖലകളാക്കി തരം തിരിച്ചിട്ടുണ്ട്. ഇതു പ്രകാരം സർക്കാർ-അർദ്ധസർക്കാർ ഓഫീസുകൾ, വ്യാപാരസ്ഥാപനങ്ങൾ, മാർക്കറ്റ്, ആശുപത്രി എന്നിവ താരതമ്യേന കൂടുതലായി സ്ഥിതിചെയ്യുന്ന പ്രദേശങ്ങളെ പ്രഥമമേഖലകളായി കണക്കാക്കാവുന്നതാണ്. എന്നാൽ തിരൂരങ്ങാടി നഗരസഭയിൽ ആകെയുള്ള 39 വാർഡുകളിൽ 8, 32 എന്നീ വാർഡുകളെ മാത്രമാണ് പ്രഥമ-മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് (26.11.15-ലെ സാധാരണ യോഗം അജണ്ട (1), തീരുമാനം (1))

ചെമ്മാട് ടൗൺ ഉൾപ്പെടുന്ന വാർഡ് 7, 34 എന്നിവയെ ദ്വിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല ദേശീയപാത 66-ന്റെ വശങ്ങളിലായി സ്ഥിതി ചെയ്യുന്ന കക്കാട്, വെന്നിയൂർ എന്നീ ടൗണുകൾ ഉൾപ്പെടുന്ന 12, 22, 14, 15 എന്നീ വാർഡുകളെയും ദ്വിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

മേഖലകളെ അശാസ്ത്രീയമായി തരം തിരിച്ചതു മൂലം, വസ്തു നികുതിയിൽ 10% ഇളവ് കൊടുക്കേണ്ടി വരികയും, ഇതു വഴി നഗരസഭക്ക് വസ്തുനികുതി ഇനത്തിൽ വലിയ നഷ്ടം സംഭവിക്കുകയും ചെയ്യുന്നുണ്ട്. മേഖലകളെ പുനർനിർണ്ണയിച്ച് വസ്തുനികുതിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

**3. വസ്തു നികുതി ഇനത്തിൽ വൻ കുടിശ്ശിക**

2017-18 വർഷത്തിൽ നഗരസഭയുടെ വസ്തു നികുതി പിരിവിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | ഡിമാന്റ് | കളക്ഷൻ | | | കുടിശ്ശിക |
|---|---|---|---|---|---|
| | | തൻവർഷം | ബുക്ക് അഡ്ജസ്റ്റമെന്റ് | ആകെ | |
| 2017-18 | 14132338 | 6113468 | 444195 | 6557663 | 7574675 |

മേൽ പട്ടികയിൽ സൂചിപ്പിച്ച പോലെ 2017-18 വർഷത്തിൽ 14132338 രൂപ ഡിമാന്റ് ഉള്ളപ്പോൾ കളക്ഷനായി വന്നത് 6557663 രൂപ മാത്രമാണ് (46.4%). തൻവർഷ കുടിശ്ശിക തുകയായ 7574675/- രൂപയോടൊപ്പം മുൻവർഷങ്ങളിലെ ആകെ കുടിശ്ശിക തുകയായ 1,24,54,483/- രൂപ കൂടി ചേർക്കുമ്പോൾ മൊത്തം കുടിശ്ശിക തുക 2,00,29,158/- രൂപ

വരുന്നുണ്ട്.

വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കി, കുടിശ്ശിക കുറച്ചുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 23/15.05.19-നുള്ള മറുപടിയിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

# 2-8 കെട്ടിടത്തിന് നമ്പരിട്ട് നൽകാൻ കാലതാമസം നേരിട്ടതിനാൽ വസ്തു നികുതി ഇനത്തിൽ നഷ്ടം

ഫയൽ നം. 242/17 തീയ്യതി 06.01.17 പ്രകാരം ശ്രീ. കമ്മുക്കുട്ടി എന്നിവരുടെ ഉടമസ്ഥതയിലുള്ള 493.96 ചതുരശ്രമീറ്റർ തറവിസ്തീർണ്ണം ഉള്ള വാണിജ്യ കെട്ടിടത്തിന്റ നിർമ്മാണം ക്രമവത്കരിച്ചു നൽകിയിരുന്നു. അപേക്ഷകൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ സെക്രട്ടറി ഇതേ തീയ്യതിയിൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന് നമ്പർ നൽകിയിരിക്കുന്നത് 31.03.2018-നാണ്.

| | |
|---|---|
| കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി | 60,720/- |
| പ്രാബല്യ തീയ്യതി (ഫയൽ പ്രകാരം) | 01.10.2017 |

06.01.2017-ന് നിർമ്മാണം പൂർത്തിയായ കെട്ടിടത്തിന്റെ ഉടമയിൽ നിന്നും അതേ അർദ്ധവർഷം (01.10.16 മുതൽ പ്രാബല്യം) മുതൽ വസ്തു നികുതി പിരിച്ചെടുക്കേണ്ടതായിരുന്നു. എന്നാൽ വളരെ വൈകി 31.03.18- ന് നമ്പർ നൽകിയതിലൂടെ. കെട്ടിടത്തിന്റെ രണ്ട് അർദ്ധവർഷത്തെ വസ്തുനികുതിയായ 60,720/- രൂപ നഗരസഭക്ക് പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല നടപടിക്രമത്തിന്റെ ഭാഗമായി നൽകേണ്ട ഒക്യുപൻസി സർട്ടിഫിക്കറ്റും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

നിർമ്മാണം പൂർത്തിയായി ക്രമവത്കരിച്ച കെട്ടിടത്തിന് നമ്പർ ഇട്ടു നൽകാൻ ഉണ്ടായ കാലതാമസത്തിനും,തന്മൂലം നികുതിയിനത്തിൽ നഷ്ടമുണ്ടായതിനും വിശദീകരണം നൽകേണ്ടതാണ്. 01.10.16 മുതൽ 30.09.17 വരെയുള്ള വസ്തു-നികുതി തുകയായ 60,720/- രൂപ പിരിച്ചെടുത്ത് ഈ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 08/ 08.05.2019-നുള്ള മറുപടിയിൽ കെട്ടിട ഉടമസ്ഥനിൽ നിന്നും മേൽ സൂചിപ്പിച്ച തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

# 2-9 നഗരസഭയിൽ തനതു ഫണ്ടിനായി ക്രമവിരുദ്ധമായി അക്കൗണ്ടുകൾ നിലനിർത്തുന്നു

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 17(2) പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന മുഴുവൻ തുകയും ഗവ.ട്രഷറി സേവിങ്സ് അക്കൗണ്ടിലോ അല്ലെങ്കിൽ ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ആണ് അടക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിക്കുന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി സ്വകാര്യ ബാങ്കുകളിലും , സഹകരണ ബാങ്കിലും നഗരസഭ അക്കൗണ്ട് നിലനിർത്തുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | ബാങ്ക് |
|---|---|---|
| 1 | 323101000468 | ICICI ബാങ്ക്, ചെമ്മാട് |
| 2 | 50200022043265 | HDFC ബാങ്ക്, ചെമ്മാട് |
| 3 | 0020050000028 | തിരൂരങ്ങാടി സർവീസ് സഹകരണ ബാങ്ക് |

ഇതു കൂടാതെ തനത് ഫണ്ടിനായി കനറാ ബാങ്കിൽ 18.02.19-ന് ഒരു പുതിയ അക്കൗണ്ട് കൂടി ആരംഭിച്ചതായി കാണുന്നു(അക്കൗണ്ട് നം. 0825101081095). തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ (ട്രഷറി അക്കൗണ്ടിന് പുറമെ) നിലനിർത്തരുത് എന്ന് 26.05.11 തീയ്യതിയിലെ നം. 58725/എഫ്.എം.3/2008/ ത.സ്വ.ഭ.വ സർക്കുലരിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായാണ് നഗരസഭയിൽ തനത് ഫണ്ടിനായി മാത്രം നിലവിൽ 4 അക്കൗണ്ടുകൾ പ്രവർത്തിക്കുന്നത്.

ചട്ടവിരുദ്ധമായി നിലനിർത്തുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 29/15.05.19-ന് മറുപടി ലഭിച്ചിട്ടില്ല.

## 2-10 ഡി&ഒ ലൈസൻസ് അനുവദിച്ചതും നിലവിലുള്ളതുമായ കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ല

2017-18 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും, ഡി & ഒ ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ, ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നമ്പറുകൾ സഞ്ചയ സോഫ്റ്റ്വെയറിൽ പരിശോധിച്ചപ്പോൾ മിക്ക കെട്ടിടങ്ങളുടെയും ഉപയോഗക്രമം വാണിജ്യമോ വ്യവസായമോ അല്ല എന്നും പാർപ്പിടാവശ്യങ്ങൾക്കുള്ളതാണെന്നും കണ്ടു.

ഇത്തരത്തിൽ പാർപ്പിടാവശ്യങ്ങൾക്ക് നമ്പർ നൽകിയ കെട്ടിടങ്ങളിൽ വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതിനും സഞ്ചയയിൽ വിവരങ്ങൾ ലഭ്യമല്ലാത്ത കെട്ടിടങ്ങൾക്കും ചില ഉദാഹരണങ്ങൾ സഹിതം ഇക്കാര്യം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം. 14/09.05.19) നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ 1997ലെയും 2013ലെയും കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്ററിന്റെയും കെട്ടിട നമ്പറുകളുടെയും അടിസ്ഥാനത്തിലാണ് 2017-18ലെ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയതെന്നും 2015ൽ നഗരസഭയായി ഉയർത്തിയ ശേഷം പുതിയ നമ്പർ നൽകുന്ന പ്രവർത്തികൾ അന്ന് പൂർത്തീകരിച്ചിട്ടില്ലായിരുന്നതിനാലാണ് അത്തരത്തിൽ തയ്യാറാക്കിയതെന്നും, നിലവിൽ സഞ്ചയയിലുള്ള 2015ലെ പുതിയ കെട്ടിട നമ്പറുകളുമായി ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള പഴയ കെട്ടിട നമ്പറുകൾ പരിശോധിച്ചതിനാലാണ് ഇത്തരത്തിൽ കാണപ്പെട്ടതെന്നും അറിയിച്ചു. അന്വേഷണകുറിപ്പിലെ ഉദാഹരണങ്ങളിൽ പരാമർശിച്ച മിക്ക കെട്ടിടങ്ങളുടെയും 2015ലെ പുതിയ നമ്പർ ലഭ്യമാക്കുകയും അവ വ്യവസായ / വാണിജ്യ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളാണെന്നും അറിയിച്ചതിൽ ആയത് പരിശോധിച്ച് ബോധ്യപ്പെട്ടു.

എന്നാൽ അന്വേഷണകുറിപ്പിൽ നൽകിയ ഏതാനും കെട്ടിടങ്ങളിൽപെട്ടതും ആയുർവ്വേദ ക്ലിനിക് നടത്തുന്നതിന് 323ാം നമ്പർ ഡി&ഒ ലൈസൻസ് നൽകിയിട്ടുള്ളതുമായ ശ്രീ. എ.വി അബ്ദുറഹിമാൻ ഹാജി എന്നവരുടെ ഉടമസ്ഥതയിലുള്ള 35/366 നമ്പർ(പഴയ നമ്പർ-19/501,5/1705) കെട്ടിടം നിലവിലുള്ളതാണ്, ആയതിന്റെ വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ല. സഞ്ചയയിൽ ഉൾപ്പെടാത്ത ഇത്തരം കെട്ടിടങ്ങൾ ഉണ്ടോ എന്നതും അവ നികുതി ഒടുക്കിയിട്ടുണ്ടോ എന്നതുമുൾപ്പടെയുള്ള കാര്യങ്ങൾ വിശദമായ പരിശോധിക്കേണ്ടതും ഈയിനത്തിലുള്ള കൃത്യമായ വരവ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 ടെണ്ടർ ഡിഡക്ഷൻ ബില്ലിൽ തെറ്റായി കുറവു ചെയ്തതുമൂലം കരാറുകാരന് അധികം നൽകി-

<u>ഇറിഗേഷൻ കനാൽ റോഡ് ടാറിംഗ്-</u>

പ്രൊജക്ട് നം. എസ്സ്.ഒ-122/18.

അടങ്കൽ-497000/-

കരാറുകാരൻ- ഹാഫിസ് മുഹമ്മദ് ഷുഹൈബ് (1.6% below)

ആകെ മൂല്യം - 470550/-

MB.No.125/16-17.

ബിൽ നം, തീയതി,തുക- 1) 53/17, 15/03/2018, 400000/-

2)40/17-18, 28/07/2017, 160613/-

ഈ പ്രവർത്തി പൂർത്തീകരിച്ച് മൂല്യം നിർണ്ണയിച്ച് കരാറുകാരന് തുക നൽകിയപ്പോൾ , ടിയാൻ ക്വോട്ട് ചെയ്തിരുന്നതിനെക്കാൾ അധികം തുക നൽകിയത് മൂലം അധികചെലവ് ഉണ്ടായി. കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത് 1.6% below എന്ന നിരക്കായിരുന്നു.എന്നാൽ ബിൽ തയ്യാറാക്കി തുക നൽകിയപ്പോൾ, 1.1% മാത്രം ബില്ലിൽ നിന്നും കുറവ് ചെയ്തതുമൂലം ചുവടെ ചേർക്കും പ്രകാരം അധികം തുക കരാറുകാരന് നൽകി.

ആകെ മൂല്യം നിർണ്ണയിച്ച തുക – 470550/-രൂപ

അനുവദനീയമായ തുക - 470550 – 7528 (1.6% കുറവ്) = 463022 രൂപ

നൽകിയ തുക - 470550 –5176 = 465374

അധികം നൽകിയത് = 465374- 463022 = 2352/- രൂപ

ഇതു കൂടാതെ കരാറുകാരൻ സമർപ്പിച്ച ടെണ്ടർ ഷെഡ്യൂളിൽ ടിയാൻ ക്വോട്ട് ചെയ്ത നിരക്ക് വെട്ടി തിരുത്തി എഴുതിയിരിക്കുകയാണ്. ആദ്യം 0.16 എന്ന് എഴുതിയിരുന്നത്, പിന്നീട് തിരുത്തി 1.6% below എന്നാക്കിയിരിക്കുന്നു.വെട്ടിക്കളയൽ,തിരുത്തൽ ,കൂട്ടിച്ചേർക്കൽ തുടങ്ങിയവ രേഖപ്പെടുത്തേണ്ട ഭാഗത്ത് ഇപ്രകാരമുള്ള തിരുത്തലിന്റെ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

മേൽ രേഖപ്പെടുത്തിയ പ്രകാരം വികസന ഫണ്ടിൽ നിന്നും തുക അധികം ചെലവഴിച്ചതിനും, നിരക്കുകളിലെ തിരുത്തലുകൾ സാക്ഷ്യപ്പെടുത്താത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(10/ 08-05-2019)മറുപടി ലഭിച്ചിട്ടില്ല. ടി സാഹചര്യത്തിൽ അധികം ചെലവഴിച്ച 2352/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.ടെണ്ടർ സ്വീകരിക്കുന്നതിൽ വേണ്ടത്ര സുതാര്യത പുലർത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഈ വിഷയത്തിൽ സജീവമായി ഇടപെടേണ്ടതാണ്.

# 3-2 കരാറുകാരന് സർവ്വീസ് ടാക്സ് ഇനത്തിൽ തുക നൽകിയത് മൂലം അധികചെലവ്-

1994-ലെ ഫിനാൻസ് ആക്ട് ചാപ്റ്റർ V സെക്ഷൻ 66E (h) പ്രകാരം വർക്ക് കോൺട്രാക്ടിൽ ഉൾപ്പെടുന്ന സേവന ഭാഗത്തെ ഡിക്ലയേഡ് സർവ്വീസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് അതത് കാലം പ്രാബല്യത്തിലുള്ള നിരക്കിൽ സേവന നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ മന്ത്രാലയത്തിന്റെ 20.06.2012ലെ 25/12 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സേവന നികുതി ഒടുക്കുന്നതിൽ നിന്നും നിശ്ചിത സേവനങ്ങളെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ ക്രമ നം.12 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ/ വാണിജ്യ ആവശ്യങ്ങൾക്കായോ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ചു നല്കുന്ന കെട്ടിടങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട വർക്ക്, റിപ്പയർ,മെയിന്റനൻസ് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പിന്നീട് 01.03.2015-ലെ 06/2015 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം മേൽ നോട്ടിഫിക്കേഷനിലെ ഇനം-12-ലെ a,c,f എന്നിവയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങളെ സേവന നികുതിയിൽ നിന്നും ഒഴിവാക്കിയത് ഡിലിറ്റ് ചെയ്യുകയുണ്ടായി. തുടർന്ന് 01.03.2016-ലെ 09/2016 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 25/2012-ലെ നോട്ടിഫിക്കേഷനിലെ ഇനം.12 ന് താഴെയായി 12A (a),(b),(c) എന്ന ഇനമായി മേൽ ഇനങ്ങൾ സേവന നികുതി നല്കുന്നതിൽ നിന്നും ഒഴിവാക്കി വീണ്ടും കൂട്ടിച്ചേർക്കുകയുണ്ടായി.

എന്നാൽ 2017-18 സാമ്പത്തിക വർഷം അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഭയിൽ നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവർത്തികളിൽ പ്രവർത്തിയുടെ ആകെ മൂല്യത്തോടൊപ്പം സേവന നികുതി ഇനത്തിൽ 10.5%/6% തുക കൂടി ഉൾപ്പെടുത്തി തുക നൽകി. ഇപ്രകാരം തുക അനുവദിച്ച് നൽകിയത് മൂലം നഗരസഭയുടെ വികസന ഫണ്ടിൽ നിന്നും അധിക ചെലവുണ്ടായി.വിശദ വിവരം ചുവടെ ചേർക്കുന്നു.

1. തിരൂരങ്ങാടി ജിഎൽപിഎസ്സ് നവീകരണം (പ്രൊജക്ട് നം. എസ്സ്.ഒ-141/18.)

അടങ്കൽ-250000/-

കരാറുകാരൻ- പി.അബ്ദുൾ അസ്സീസ്സ്.

ആകെ മൂല്യം - 220017/-

MB.No.183/15-16.

ബിൽ നം, തീയതി,തുക- 03/17-18, 11/08/2017, 243119/-

സർവ്വീസ് ടാക്സ് ഒടുക്കിയത് - 23102/-

2.തൃക്കുളം ജിഎച്ച്എസ്സ് നവീകരണം (പ്രൊജക്ട് നം. എസ്സ്.ഒ-130/18.)

അടങ്കൽ-100000/-

കരാറുകാരൻ- ഷിജു.

ആകെ മൂല്യം - 90344/-

MB.No.95/16-17

ബിൽ നം, തീയതി,തുക- 06/17-18, 11/08/2017, 99831/-

സർവ്വീസ് ടാക്സ് ഒടുക്കിയത് - 9486/-

3. 98,108 എന്നീ അംഗൻവാടികളും,ഹോമിയോ ആശുപത്രി കെട്ടിടവും വൈദ്യുതീകരണവും (പ്രൊജക്ട് നം. എസ്സ്.ഒ-133/18.)

അടങ്കൽ-500000/-

കരാറുകാരൻ- മുസ്തഫ.

ആകെ മൂല്യം - 122382/-

MB.No.150/16-17

ബിൽ നം, തീയതി,തുക- 08/17-18, 21/10/2017, 129725/-

സർവ്വീസ് ടാക്സ് ഒടുക്കിയത് - 7330/-

ആകെ = 23102 + 9486 + 7330 = 39918/-

മേൽ രേഖപ്പെടുത്തിയ പ്രകാരം വികസന ഫണ്ടിൽ നിന്നും തുക അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ഇപ്രകാരം ഒഴിവാക്കിയത് 01/03/2015 ന് മുമ്പ് കരാറിൽ ഏർപ്പെട്ട പ്രവൃത്തികൾക്ക് മാത്രം ബാധകമാണെന്ന മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ടി മറുപടി സാധൂകരിക്കുന്ന ഉത്തരവ് ഹാജരാക്കിയിട്ടില്ല. മാത്രവുമല്ല, 04/17 വരെയുള്ള എല്ലാ സർക്കുലറുകളും ഉൾപ്പെടുത്തി 2017 ൽ പുറപ്പെടുവിച്ച ഉത്തരവിലും ഇപ്രകാരം ഒഴിവാക്കിയ ഇനങ്ങൾ ഉൾപ്പെടുത്തിയതായി പരാമർശിച്ചിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. (ഓഡിറ്റ് എൻക്വയറി-9/ 08-05-2019). സേവന നികുതി ഒടുക്കേണ്ടതില്ലാത്ത പ്രവർത്തികൾക്കായി ഒടുക്കിയ 39918/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.തുക തിരികെ ഈടാക്കി ക്രമീകരിക്കേണ്ടതാണ്.

## 3-3 നഗരസഭാ ഓഫീസിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ-വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായും ഉപയോഗിച്ചില്ല-ആദായ നികുതി ഈടാക്കിയില്ല-

പ്രൊജക്ട് നം. 192/18

ചെലവ് വിവരം -1) 26633/- ബിൽ നം.12/17-18, തീയതി - 08-01-18

1) 12918/- ബിൽ നം.13/17-18, തീയതി - 08-01-18

1) 542324/- ബിൽ നം.16/17-18, തീയതി -31-01-18

1) 909349/- ബിൽ നം.12/17-18, തീയതി - 15-03-18

ആകെ - 1491224/-

2017-18 വർഷം സെക്രട്ടറി നടപ്പിലാക്കിയ നഗരസഭാ ഓഫീസിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽഎന്ന പദ്ധതിയ്ക്കായി ഇ-ടെണ്ടർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ലോയൽ എന്റർപ്രൈസസ്,മമ്പുറം റോഡ്, മമ്പുറം.പി.ഒ,മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും

വാങ്ങുകയും,ഓഫീസിലേക്കാവശ്യമായ ഫർണിച്ചറുകൾ സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങുകയും ചെയ്തിട്ടുണ്ട്.മേൽ തുകയിൽ 948900/-രൂപ ലോയൽ എന്റർപ്രൈസസിനും, 542324/-രൂപ സിഡ്കോയ്ക്കുമാണ് നൽകിയിട്ടുള്ളത്. ഫയൽ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>വാങ്ങിയ കമ്പ്യൂട്ടറുകളും പ്രിന്ററുകളും നാളിതുവരെ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു-</u>

നഗരസഭയുടെ സ്റ്റോക്ക് - വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ വാങ്ങിയ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ/ ഫർണിച്ചറുകൾ എന്നിവ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ലായെന്ന് കണ്ടു.മാത്രവുമല്ല , കമ്പ്യൂട്ടർ, പ്രന്റർ തുടങ്ങി പലതും കവർപോലും പൊട്ടിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ബിൽ പ്രകാരം വാങ്ങിയ എണ്ണം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത എണ്ണം | വിതരണം ചെയ്യാൻ അവശേഷിക്കുന്ന എണ്ണം. | പരാമർശം |
|---|---|---|---|---|---|
| 1. | Desk top acer computer (1ന് 60500/- രൂപ) | 14 | 10 | 3 | 3 എണ്ണം കവർ പോലും പൊട്ടിക്കാതെ വൈസ് ചെയർമാന്റെ മുറിയിൽ സൂക്ഷിച്ചിരിക്കുന്നു.ഒരെണ്ണം ആർക്ക് വിതരണം ചെയ്തുവെന്നതിന് രേഖകളില്ല. |
| 2. | Canon Laser Printer (1ന് 11200/- രൂപ) | 5 | 2 | 3 | 2 എണ്ണം കവർ പോലും പൊട്ടിക്കാതെയും.ഒരെണ്ണം കേടായ നിലയിലും വൈസ് ചെയർമാന്റെ മുറിയിൽ സൂക്ഷിച്ചിരിക്കുന്നു. |

<u>ബില്ലിൽ നിന്നും ആദായനികുതി കുറവ് ചെയ്യാതെ തുക നൽകി-</u>

കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക്,ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. അതിൻ പ്രകാരം ടി സ്ഥാപനത്തിൽ നിന്നും 18978/-രൂപ ( 948900 x 2%) രൂപ ഈടാക്കേണ്ടതായിരുന്നു.എന്നാൽ ലോയൽ എന്റർപ്രൈസസിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല.തന്മൂലം 18978/-രൂപ കരാറുകാരന് അധികം നൽകാനിടയായിട്ടുണ്ട്.ഇപ്രകാരം ആദായനികുതി ഈടാക്കാതിരുന്നതിനും, വാങ്ങിയ കമ്പ്യൂട്ടറുകളും പ്രിന്ററുകളും നാളിതുവരെ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-16/10-05-2019) ജിഎസ്സ്ടി ബില്ലാണ് ഹാജരാക്കിയിരുന്നത് എന്നതിനാലാണ് ആദായനികുതി ഈടാക്കാതിരുന്നതെന്നും. ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന 3കമ്പ്യൂട്ടറുകളും, 3 പ്രിന്ററുകളും നഗരസഭയുടെ മുകളിലെ നിലയിൽ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്ന ഓഫീസ് മുറികളിലെ ഉപയോഗത്തിലേക്കായിട്ടാണ് വാങ്ങി സൂക്ഷിച്ചിട്ടുള്ളതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഭാവിയിൽ നിർമ്മാണം പൂർത്തിയാക്കാൻ പോകുന്ന ഒരു ഓഫീസിന് വേണ്ടി ഇപ്രകാരം മുൻകൂർ വാങ്ങൽ നടത്തിയെന്നതും,ജിഎസ്സ്ടി ബില്ല് ഹാജരാക്കിയിരുന്നതിനാലാണ് ആദായനികുതി ഈടാക്കാതിരുന്നതെന്നുമുള്ള ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ആവശ്യകത തിട്ടപ്പെടുത്താതെ വാങ്ങൽ നടത്തി നാളിതുവരെ ഉപയോഗിക്കാതിരുന്നതുമൂലം ടി ഉപകരണങ്ങൾക്ക് തകരാറ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വില ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.ഇവയുടെ വിലയിനത്തിലുള്ള 215100/-രൂപയും, ആദായനികുതി ഇനത്തിൽ അധികം നൽകിയ 18978/-രൂപയുമുൾപ്പെടെ ആകെ 234078/-രൂപയുടെ ചെലവ് താൽക്കാലികമായി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . ആദായനികുതി ഇനത്തിൽ അധികം നൽകിയ തുക ബന്ധപ്പെട്ട

കരാറുകാരിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.ഉപയോഗിക്കാതെ സൂക്ഷിക്കുന്ന കംപ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-4 വിവിധ വാർഡുകളിൽ LED ലൈറ്റ് സ്ഥാപിക്കൽ -നിർവ്വഹണത്തിലെ അപാകതകൾ -

പ്രൊജക്ട് നം. 188/18

അടങ്കൽ-2000000/-

നിർവ്വഹണം - സെക്രട്ടറി.

ചെലവ് വിവരം - 336385/- ബിൽ നം.04/17-18, തീയതി - 30-08-17

53115/- ചെക്ക് നം.02010054/05-12-17

2017-18 വർഷം സെക്രട്ടറി സ്പിൽ ഓവറായി നടപ്പിലാക്കിയ വിവിധ വാർഡുകളിൽ LED ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയ്ക്കായി ഇ-ടെണ്ടർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എഡിസൺ ഇലക്ട്രോണിക്സ് , പരപ്പിള്ളിൽ റോഡ്, തിരുവാങ്കുളം, എറണാകുളം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 2016-17 ൽ 500000/-രൂപ മുൻകൂർ നൽകിയിരുന്നു. ബാക്കി തുക മേൽ സൂചിപ്പിച്ച പ്രകാരം 2017-18ലും നൽകി.സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരവും, നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരവും,400 LED വിളക്കുകൾ സ്ഥാപനത്തിൽ ലഭിച്ചതായാണ് രേഖകൾ. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഒന്ന് മുതൽ മുപ്പത്തിയൊൻപത് വരെയുള്ള വാർഡുകളിൽ , ഒരു വാർഡിൽ 10 എണ്ണം വീതം 380 വിളക്കുകൾ മാത്രം സ്ഥാപിച്ചിച്ചതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ( 29-ാം വാർഡിൽ LED വിളക്കുകൾ സ്ഥാപിച്ചതായുള്ള സാക്ഷ്യപത്രമില്ല.).ഇൻസ്റ്റലേഷൻ ചാർജ്ജുൾപ്പെടെ ഒന്നിന്റെ ആകെ വില ചുവടെ ചേർക്കുന്നു.

LED വിളക്ക് - 1975

നികുതി - 5% - 99

ഇൻസ്റ്റലേഷൻ ചാർജ്ജ് -<u>150</u>

ആകെ -<u> 2224</u>

380 വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് - 2224 x 380 = 845120/-

നൽകിയത് - 889500/-

അധികം നൽകിയത് - 889500 - 845120 = 44380/-

<u>മറ്റ് അപാകതകൾ</u>

1.എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനവുമായി വെച്ച കരാറിലെ ക്രമ നമ്പർ നാലാമതായുള്ള വ്യവസ്ഥ പ്രകാരം ഈ വിളക്കുകൾക്ക് 36 മാസത്തെ ഗ്യാരണ്ടി നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭാ സെക്രട്ടറി 29/11/2018 ൽ ജി-3-188/18-ാം നമ്പരായി എഡിസൺ ഇലക്ട്രോണിക്സിന് നൽകിയ കത്തിൽ വിവിധ വാർഡുകളിൽ ടി വിളക്കുകൾ നിലവിൽ പ്രവർത്തന ക്ഷമമല്ല, ആയത് അടിയന്തരമായി പ്രവർത്തനക്ഷമമാക്കേണ്ടതാണ് എന്ന് കാണിച്ച് കത്തു നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം പ്രവർത്തന ക്ഷമമല്ലാത്ത വിളക്കുകൾ പിന്നീട് വിതരണക്കാരുടെ ഉത്തരവാദിത്തത്തിൽ ശരിയാക്കി നൽകിയതിന്റെ രേഖകളൊന്നും ഫയലിൽ ഇല്ല.

2.കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക്,ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. അതിൻ പ്രകാരം ടി സ്ഥാപനത്തിൽ നിന്നും 17790/-രൂപ ( 889500 x 2%) രൂപ ഈടാക്കേണ്ടതായിരുന്നു. അപ്രകാരം തുക ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(20/15-05-2019) 39 വാർഡുകളിലായി 390 ലൈറ്റുകൾ സ്ഥാപിച്ചെന്നും,29-ാംവാർഡിലെ കൗൺസിലറുടെ സാക്ഷ്യപത്രവും, മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ നിന്നും നഷ്ടമായിട്ടുള്ളതാണെന്നും,ആയത് ഹാജരാക്കുന്നതാണെന്നും, ബാക്കിയുള്ള 10എണ്ണം ടൗണിലെ

പ്രധാന സ്ഥലങ്ങളിൽ സ്ഥാപിച്ചതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ രേഖകൾ പ്രകാരം സ്ഥാപിച്ചതായി സാധൂകരിക്കാത്ത 20 വിളക്കുകൾക്കായി ചെലവഴിച്ച 44380/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ആദായനികുതി ഇനത്തിൽ അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.ലൈറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-5 എസ്സ്.സി.കുട്ടികൾക്ക് ലാപ് ടോപ്പ്- നിർവ്വഹണത്തിലെ അപാകതകൾ

അടങ്കൽ - 450000/-

ചെലവ് വിവരം - ബിൽ നം.09/17-18 , 21-11-2017 –426500/-

ബിൽ നം.10/17-18 , 21-11-2017 – <u>21310/-</u>

ആകെ - <u>447810/-</u>

സെക്രട്ടറി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം തൻവർഷം 15 കുട്ടികൾക്ക് ലാപ്പ് ടോപ്പ് വിതരണത്തിനായി മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ലാപ്പ് ടോപ്പ് ഒന്നിന് 29854/- രൂപ ക്വോട്ട് ചെയ്ത ലോയൽ എന്റർപ്രൈസസ്, വി.കെ.പടി, മലപ്പുറം എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. വിവിധ ബിരുദ കോഴ്സുകൾക്ക് പഠിക്കുന്നതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങൾക്ക് 2017-18 വർഷം അനുവദിക്കാവുന്ന സബ്സിഡി മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി 03-04-2017ൽ പുറപ്പെടുവിച്ച ജി.ഒ (എം.എസ്സ്) 79/2017 ത.സ്വ.ഭ.വ ഉത്തരവിലെ ഖണ്ഡിക 11.8.6പ്രകാരം ബിരുദം,ബിരുദാനന്തര ബിരുദം, എഞ്ചിനീയറിംഗ്,ഡിപ്ലോമ തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് മാത്രമെ ആനുകൂല്യം നൽകുവാൻ പാടുള്ളുവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരം ITI കോഴ്സിന് പഠിക്കുന്ന ചുവടെ ചേർത്തിട്ടുള്ള രണ്ട് കുട്ടികൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

1.അമൃത.കെ, D/O ദാസൻ.കെ, കോട്ടുവാലക്കാട്ടിൽ ഹൗസ്, ഡിവിഷൻ-4

2.ശ്യാം.എം S/Oസരസ്വതി.പി, മാധവി നിലയം,കക്കാട്, ഡിവിഷൻ-22

<u>ആദായ നികുതി ഈടാക്കാത്തത്-</u>

ഈ പദ്ധതി പ്രകാരം ലാപ്പ് ടോപ്പ് വിതരണം നടത്തിയിരിക്കുന്നത് ലോയൽ എന്റർപ്രൈസസ്, വി.കെ.പടി, മലപ്പുറം എന്ന സ്ഥാപനമാണ്.ഈ സ്ഥാപനം ഹാജരാക്കിയ ജി.എസ്സ്.ടി നമ്പർ പോലും രേഖപ്പെടുത്താത്ത 17-11-17 ലെ 4-ാം നമ്പർ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 447810/-രൂപ പൂർണ്ണമായും ഇവർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക്,ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. അതിൻ പ്രകാരം ടി സ്ഥാപനത്തിൽ നിന്നും 8956/- ( 447810 x 2%) രൂപ ഈടാക്കേണ്ടതായിരുന്നു.എന്നാൽ ടിയിനത്തിൽ തുകയൊന്നും തന്നെ ഈടാക്കിയിട്ടില്ല.

അനർഹരായവർക്ക് ആനുകൂല്യം നൽകിയതിനും ,ആദായ നികുതി ഈടാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി- 30/15-05-2019) മറുപടി ലഭിച്ചിട്ടില്ല.പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികളുടെ പ്രയോജനം അർഹരായവർക്കു തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അർഹതാ മാനദണ്ഡങ്ങൾ ലംഘിച്ച് നൽകിയ 2 ലാപ്പ്ടോപ്പുകളുടെ വിലയായ 59708/- രൂപ (29854x2)ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ആദായനികുതി ഇനത്തിൽ അധികം നൽകിയ 8956 /-രൂപയുടെ ചെലവ് താൽക്കാലികമായി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . ആദായനികുതി ഇനത്തിൽ അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

# 3-6 വിവിധ ഡെപ്പോസിറ്റ് പദ്ധതികൾക്ക് തുക നൽകിയത് -

# വിനിയോഗ രേഖകളില്ല.

2017-18 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ജനറൽ,പട്ടികജാതി എന്നീ വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്കായി വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ, വിവിധ അംഗനവാടികളിൽ കുടിവെള്ള സൗകര്യം ഒരുക്കൽ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കുകയും, ചുവടെ ചേർക്കും പ്രകാരം വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രൊ. നം/പേര് | തുക | ബിൽ നം/ തീയതി | തുക ലഭിച്ച സ്ഥാപനം. | പരാമർശം |
|---|---|---|---|---|---|
| 1. | 191/18, നെല്ലിക്കാച്ചിന-കുന്നത്ത് കോളനി പൈപ്പ് ലൈൻ നീട്ടൽ (SCP) | 180000 | 21/17-18, 28-03-18 | A.Ex.E,KWA,മലപ്പുറം. | തുകയുടെ വിനിയോഗ രേഖകളും, പദ്ധതി പൂർത്തീകരണ രേഖകളുമില്ല.കരാർ പ്രകാരം പ്രവർത്തി 01-07-2018ൽ തുടങ്ങി 31-12-2018 നകംപൂർത്തീകരിക്കേണ്ടതായിരുന്നു.കരാർ വ്യവസ്ഥകൾ പ്രകാരം,നിശ്ചിത സമയ പരിധിക്കുള്ളിലോ,ഉഭയസമ്മതപ്രകാരം നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലോ പ്രവർത്തി പൂർത്തീകരിക്കാതിരുന്നാൽ2%പിഴ പലിശ ഈടാക്കുവാൻ വ്യവസ്ഥയുണ്ട്. |
| 2. | 195/18, നഗരസഭയുടെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 600000 | 23/17-18, 23-03-18 | A.Ex.E,KWA,മലപ്പുറം. | തുകയുടെ വിനിയോഗ രേഖകളും, പദ്ധതി പൂർത്തീകരണ രേഖകളുമില്ല.കരാർ വെച്ചിട്ടില്ല.22-05-18ൽനഗരസഭ സെക്രട്ടറി കരാർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും KWA ഒപ്പു വെച്ചിട്ടില്ല. |
| 3. | 159/18, 98,96 എന്നീ അംഗനവാടികളിൽ കുടിവെള്ള സൗകര്യം ഒരുക്കൽ. | 86124 | 1944715, 26-09-17 | Ex.En.,KWA,പി.എച്ച്.ഡിവിഷൻ, മലപ്പുറം. | തുകയുടെ വിനിയോഗ രേഖകളും, പദ്ധതി പൂർത്തീകരണ രേഖകളുമില്ല. |
| 4. | 160/18, 15-ാം വാർഡ്ST കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ | 450000 | 7/17-18,25-09-17 | Ex.En.,KWA,പി.എച്ച്.ഡിവിഷൻ, മലപ്പുറം. | തുകയുടെ വിനിയോഗ രേഖകളും, പദ്ധതി പൂർത്തീകരണ രേഖകളുമില്ല. |
| | ആകെ | 1316124 | | | |

വിനിയോഗ രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറികൾക്ക്(15/10-05-2019, 19 /14-05-2019) നൽകിയ മറുപടിയിൽ ധനവിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.വിനിയോഗ രേഖകളുടെ അഭാവത്തിൽ ഇതിനായി ചെലവഴിച്ച 1316124 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-7 സ്റ്റോക്ക് രജിസ്റ്റർ എഴുതുന്നതിലെ അപാകതകൾ സംബന്ധിച്ച്

2017-18 വർഷം സെക്രട്ടറി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും,തനതുഫണ്ടിൽ നിന്നും വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് വാങ്ങിയ വിവിധയിനം ഇലക്ട്രിക്/ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, തുടങ്ങിയവയുടെ സ്റ്റോക്ക് എൻട്രി വരുത്തുന്നതിൽ നിരവധി അപാകതകൾ ഉണ്ട്.അവയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.വാങ്ങുന്ന ഉപകരണങ്ങളുടെ ബില്ലുകളിൽ സ്റ്റോക്ക് എൻട്രി നടത്തുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല (രജിസ്റ്റർ നം, പേജ് നം. തുടങ്ങിയവ).

2.വിവിധ ആവശ്യങ്ങൾക്കായി വാങ്ങുന്ന കംപ്യൂട്ടർ പ്രിന്റർ,സ്കാനർ ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങളുടെയും,LEDലൈറ്റുകളുടെയും ഗ്യാരണ്ടി പീരിയഡ് ഉൾപ്പെടെയുള്ള വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തന്മൂലം ഗ്യാരണ്ടി പീരിയഡിൽ ഉണ്ടാകുന്ന തകരാറുകൾ, ഇവയുടെ ഗ്യാരണ്ടി സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും, വാങ്ങിയ കാലയളവിൽ ഉണ്ടായിരുന്ന ജീവനക്കാർ സ്ഥലം മാറിപോകുന്നതുൾപ്പെടെയുള്ള കാരണങ്ങളാലും യഥാസമയം പരിഹരിക്കപ്പെടുന്നതിനുള്ള സാധ്യതകൾ ഇല്ലാതാകുന്നു.

3.സ്റ്റോക്ക് രജിസ്റ്ററിൽ വർഷം തിരിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ബിൽ വിവരങ്ങളും രേഖപ്പെടുത്താത്തതിനാൽ സ്റ്റോക്ക് എൻട്രി പരിശോധിക്കുന്നത് പ്രയാസകരമാണ്.

4.തൻവർഷം വാങ്ങിയ വിവിധയിനം ഇലക്ട്രിക്/ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ഫർണിച്ചറുകൾ തുടങ്ങിയവ എല്ലാം തന്നെ ഒരേ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്.കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയ ഇലക്ട്രിക്/ ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5.കൈപ്പറ്റുന്നവർ ആരും തന്നെ ഇവ കൈപ്പറ്റിയതായി സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പു വെയ്ക്കുന്നില്ല.

6. വിതരണ വിവരം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(16/10-05-19) ലഭിച്ച മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി , സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കേണ്ടതാണ്.

## 3-8 കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് സംബന്ധിച്ച്-

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിൽ 2017-18വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നായി 198730/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കാത്തത് മൂലം നഗരസഭ തനത് ഫണ്ടിന് 1987/- രൂപ , നഷ്ടം സംഭവിച്ചിട്ടുണ്ട്.

കളക്ഷൻ ചാർജ്ജ് ഇനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-31 / 15-05-2019) 2019-20 വാർഷിക പദ്ധതി നിർവ്വഹണത്തിൽ ഈടാക്കുന്ന തുകയിൽ നിന്നും ടി തുക ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ

**മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ ചുവടെ കൊടുക്കുന്നു.**

1. 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ചവയുടെ പകുതി എണ്ണം പോലും തൻ വർഷം നടപ്പാക്കിയിട്ടില്ല .

2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. നിർവ്വഹണോദ്യോഗസ്ഥൻ പ്രൊജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

4. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകളിൽ മത്സരം ഉറപ്പാക്കുന്നില്ല.

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരിഭാഗം പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയതൊഴികെയുള്ള ഭൂരിഭാഗം ടെണ്ടറുകളിലും/റീടെണ്ടറുകളിലും രണ്ട് അല്ലെങ്കിൽ ഒരാൾ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിലും അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ട് ടെണ്ടർ സമർപ്പിക്കപ്പെടുന്നു. അല്ലെങ്കിൽ ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും മറ്റേത് .001% അല്ലെങ്കിൽ .01% കുറവും രേഖപ്പെടുത്തിയിരിക്കും.തൻവർഷം നടപ്പിലാക്കിയ ആകെയുള്ള 69 പ്രൊജക്ടുകളിൽ 25എണ്ണവും ഒരാൾ തന്നെയാണ് ഏറെക്കുറെ ഇതേരീതിയിൽ കരാർ എടുത്തിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ആണ് ടെണ്ടർ സമർപ്പിക്കുന്നതെന്ന് മേൽ പറഞ്ഞവയിൽ നിന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നതും,മൽസരാധിഷ്ഠിത ക്വട്ടേഷൻ ലഭ്യമല്ലാത്ത സ്ഥിതിവിശേഷം സംജാതമാക്കുകയും, ഗ്രാമ പഞ്ചായത്തിന് അധിക ചെലവിന് കാരണമാകുകയും ചെയ്യുന്നു.മരാമത്ത് പ്രവർത്തികൾ തുകയുടെ പരിധിയിൽ നിജപ്പെടുത്താതെ ഇ-ടെണ്ടർ ചെയ്യുന്നത് ഒരു പരിധി വരെ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് സഹായകരമാകും.

5. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികൾ കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല. ചില ടെണ്ടറുകളിലെങ്കിലും, ടെണ്ടറുകളിൽ കരാറുകാർ ക്വാട്ട് ചെയ്യുന്ന നിരക്ക് അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല. തിരുത്തലുകളുടെയും കൂട്ടിച്ചേർക്കലുകളുടെയും വിവരങ്ങളും ചില ടെണ്ടറുകളിൽ രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റിലും പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

6. ഫയലിൽ സൂക്ഷിച്ചിട്ടുള്ള സെലക്ഷൻ നോട്ടീസുകളിൽ പലതിലും നമ്പരും, അയയ്ക്കുന്ന തീയതിയും രേഖപ്പെടുത്തുന്നില്ല.കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളവയിൽ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തുന്നില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിൽ വികസന സ്റ്റാന്റിംഗ് കമ്മറ്റികൾ യഥാസമയം ഇടപെടുന്നതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങി അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുത്തുക എന്നതല്ലാതെ പ്രവൃത്തികളുടെ ഗുണമേൻമ, സുതാര്യത, കൃത്യത , പ്രായോഗികത , പൂർത്തീകരണം എന്നിവ ഉറപ്പ് വരുത്തുന്നതിന് കാര്യക്ഷമമായ ഇടപെടലുകളോ ക്രിയാത്മകമായ നിർദ്ദേശങ്ങളോ പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും പ്രവൃത്തികളുടെ ഗുണമേൻമ ഉറപ്പ് വരുത്തുന്നതിലും മരാമത്ത് വർക്കുകളുടെ പൂർത്തീകരണം സമയബന്ധിതമായി വിലയിരുത്തുന്നതിലും വികസന സ്റ്റാന്റിംഗ് കമ്മിറ്റി സജീവമായി ഇടപെടേണ്ടതുമാണ്.

# 3-10 അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്ട്- ഒരു അവലോകനം

ഓഡിറ്റ് വർഷം തിരുരങ്ങാടി നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയർ 142 പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 52079940രൂപയാണ്. വകയിരുത്തിയ തുകയിൽ 17447666 രൂപ ചെലവഴിക്കാനായിട്ടുണ്ട്. ചെലവ് 33.5 ശതമാനം മാത്രമാണ്. (കൂടാതെ പതിനാല് ബില്ലുകളിലായി 2738356 രൂപയുടെ പ്രോജക്ടുകൾ ക്യൂ ബിൽ ആവുകയും ചെയ്തിട്ടുണ്ട്.) ഏറ്റെടുത്ത പ്രോജക്ടുകളിൽ 69 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. ഇതിൽ 8പ്രോജക്ടുകൾ സപിൽ ഓവർ പ്രോജക്ടുകളും അവശേഷിച്ച 61 പ്രവൃത്തികൾ തൽവർഷ പ്രോജക്ടുകളുമാണ്. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി

തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവഹണം നടത്താതെ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് നഗരസഭയുടെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 31893918 രൂപ വകയിരുത്തിയ പ്രോജക്ടുകൾ (ക്യൂ ബിൽ തുക കുറവ് ചെയ്ത് )ഓഡിറ്റ് വർഷം നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്. പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ആകെ 39 വാർഡുകളാണ് നഗരസഭയിൽ ഉള്ളത്. ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു. മാത്രമല്ല അധികം പ്രോജക്ടുകളും വളരെ ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകളാണ് എന്നത് ഈ വസ്തുത ബലപ്പെടുത്തുന്നു. ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു. വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല.ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് കൌൺസിൽ ശ്രദ്ധിക്കേണ്ടതാണ്. നിർവഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, എഞ്ചിനീയറിങ്ങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ടും പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു. ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതായി വ്യക്തമാവുന്നു.

ഏറ്റെടുക്കുന്ന വർക്കുകൾ എല്ലാം തൽവർഷംതന്നെ പൂർത്തിയാക്കുന്നതിനും ഫണ്ട് നഷ്ടപെടാത്ത വിധത്തിൽ പ്രയോഗിക സമീപനങ്ങൾ സ്വീകരിക്കുന്നതിനും ശക്തമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

# 3-11 സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനാവുന്നില്ല.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ 33 മരാമത്ത് പ്രവൃത്തികൾ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയവയാണ്. ഇതിൽ എട്ട് പ്രവൃത്തികൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ഫണ്ട് ഫലപ്രദമായ രീതീയിൽ വിനിയോഗിക്കാനാവുന്നില്ല എന്ന് കാണുന്നു. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.ഏറ്റെടുക്കുന്ന പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ പ്രായോഗിക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

# 3-12 പരിശോധന നടത്താതെ വൈദ്യുതി ബില്ലുകൾ അനുവദിക്കുന്നു.

കൈമാറി കിട്ടിയ ഘടക സ്ഥാപനങ്ങളുടെ വൈദ്യുതി ബില്ലുകൾ അനുവദിക്കേണ്ടത് നഗരസഭാ ഫണ്ടിൽ നിന്നാണ്. തിരൂരങ്ങാടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിലെ വൈദ്യുതി ബില്ലുകൾ ഇപ്രകാരം നഗരസഭ അനുവദിച്ച് നൽകുന്നുണ്ട്. എന്നാൽ ആശുപത്രി അധികാരികൾ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധന നടത്താതെ അവർ ആവശ്യപ്പെടുന്ന അത്രയും തുക അനുവദിച്ച് നൽകുന്നതായിട്ടാണ് കാണുന്നത്. ഇപ്രകാരം അനുവദിക്കുന്ന തുകയിൽ സർചാർജ്/ഫൈൻ തുക ഉൾപെടുന്നതായി വൌച്ചറുകളിൽ നിന്ന് വ്യക്തമാവുന്നു. സർചാർജ്/ഫൈൻ തുക നഗരസഭയിൽ നിന്ന് അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. സർചാർജ് അടവാക്കിയതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| വൌച്ചർ നമ്പർ | അടവാക്കിയ തുക | സർചാർജ്/ഫൈൻ |
|---|---|---|
| 21700296/16.06.2017 | 146659 | 1712 |
| 21700359/26.07.2017 | 134978 | 1163 |
| 21700450/18.08.2017 | 118686 | 1075 |
| 21700968/15.02.2018 | 104826 | 473 |
| | | |

| | | |
|---|---|---|
| 21700666/04.12.2017 | 125124 | 467 |
| ആകെ | | 4890 |

ഇത്തരം അപാകതകൾ കർശനമായും ഒഴിവാക്കേണ്ടതാണ്. അപാകത ശ്രദ്ധയിൽ പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/15.05.19) ഇനി മുതൽ ബില്ലുകൾ പരിശോധന നടത്തി മാത്രമെ അനുവദിക്കുകയുള്ളു എന്ന് മറുപടി നൽകിയിട്ടുണ്ട്. സർചാർജ്ജ്/ഫൈൻ ഇനത്തിൽ ചെലവഴിച്ച തുക 4890 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-13 ഇൻസിനറേറ്റർ പ്രയോജനപ്പെടുത്താനായില്ല.

നഗരസഭയിലെ നിലവിൽ മാലിന്യം നിക്ഷേപിക്കുന്ന വെഞ്ചാലിയിലെ സ്ഥലത്ത് മാലിന്യം കത്തിച്ച് കളയാൻ പറ്റാത്ത സാഹചര്യത്തിൽ മാലിന്യം കുമ്പാരമായി കിടക്കുന്നതായും അതുവഴി സമീപ പ്രദേശത്തുള്ള തോടുകളിലും കിണറുകളിലും വെള്ളം മലിനമാകുന്നതും പെതു ജനങ്ങൾക്ക് പരാതിയുള്ളതായും കൗൺസിൽ വിലയിരുത്തുന്നുണ്ട്. മാത്രമല്ല പകർച്ചവ്യാധികൾ വ്യപകമായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യം അതീവ ഗുരുതരമാണ് എന്നും ഈ സ്ഥലത്ത് ഇനിയും മാലില്യം നിക്ഷേപിക്കൽ അസാധ്യമായതിനാൽ തെരുവുകളിലെ മാലിന്യം ശേഖരിക്കൽ തടസ്സപെടാനും സാധ്യതയുണ്ട് എന്നും കൗൺസിൽ (24.06.2017 1/1 തീരുമാനം) വിലയിരുത്തുന്നുണ്ട്. നഗരസഭയുടെ മാലിന്യ സംസ്കരണ ശാലയിൽ കുമിഞ്ഞ് കൂടിയ മാലിന്യങ്ങൾ അടിയന്തിരമായി സംസ്കരിക്കുന്നതിന് കൗൺസിൽ, നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇൻസിനറേറ്റർ വാങ്ങുന്നത്. ഈ ടെണ്ടർ നടപടികൾ സ്വീകരിച്ച് ഒരു സ്വകാര്യ വ്യക്തിയിൽ നിന്നാണ് ഇൻസിനറേറ്റർ വാങ്ങുന്നത് . ഇതിനായി വൌച്ചർ 21700631/10.11.2017 പ്രാകാരം 777150 രൂപ തനത് ഫണ്ടിൽ നിന്ന് പിൻവലിക്കുന്നത് . G3-8066/17 ഫയൽ പരിശോധിച്ച് താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.വാങ്ങിയ ഉപകരണം നാളിത് വരെ പ്രയോജനപ്പെടുത്താനായിട്ടില്ല. ഉപകരണം ട്രയൽ നടത്തിയ രേഖ സപ്ളെയർ ലഭ്യമാക്കുകയോ ഹെൽത്ത് വിഭാഗം റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല.

2.കൗൺസിലിന്റെ 24.06.2017 1/1 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ തുടങ്ങുകയും സെക്രട്ടറി തിടുക്കത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചതായും ഫയലിൽ നിന്ന് വ്യക്തമാവുന്നു. നഗരസഭയിൽ ഹെൽത്ത് വിഭാഗം നിലവിലുണ്ടായിരിക്കെ , അവരുടെ ശുപാർശക്കായി ഫയൽ കൈമാറാതിരുന്നത് ഗുരുതര വീഴ്ച്ചയാണ്. ഇൻസിനറേറ്റർ സ്ഥാപിക്കേണ്ട അനിവാര്യത, പ്രായോഗികത, സാങ്കേതിക വശങ്ങൾ എന്നിവ സംബന്ധിച്ച് അഭിപ്രായം തേടാതെ വാങ്ങൽ നടപടികളുമായി മുന്നോട്ട് പോയത് ക്രമപ്രകാരമല്ല.

3.ഇൻസിനറേറ്റർ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താതെയാണ് സപ്ളെ ഓർഡർ നൽകിയത് എന്ന് വ്യക്തമാവുന്നു. പ്ലാന്റ് പ്രവർത്തിപ്പിക്കാൻ ആവശ്യമായ വെള്ളം വൈദ്യുതി എന്നിവ ഈ സമയത്ത് സജ്ജമായിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

4.സപ്ളെയറായ ശ്രീ.സി.എസ്. രാധാകൃഷ്ണൻ ഹാജരാക്കിയ ടാക്സ് ഇൻവോയ്സ് A001/25.09.2017 പ്രകാരം മെറ്റീരിയൽ, ലാബർ ചാർജ്, ട്രാൻസ്പോർട്ടേഷൻ, ഇറക്ഷൻ എന്നിവയുടെ ആകെ ചെലവാണ് 785000 രൂപ. ഇതിൽ നിന്ന് ആദായ നികുതി 7850 രൂപ കുറവ് ചെയ്താണ് തുക നൽകിയിട്ടുള്ളത്. എന്നാൽ തുക മുഴുവനായി നൽകി എങ്കിലും മെഷിനറി സ്ഥാപിച്ച് നഗരസഭയുടെ ഉത്തരവാദപ്പെട്ടവരുടെ മുന്നിൽ ട്രയൽ റൺ നടത്തിയ യാതൊരു വിവരവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

5.സപ്ളെയറുടെ ഈ മേഘലയിലെ പരിചയം, മെഷിനറിയുടെ ക്ഷമത എന്നിവയും ശുചിത്വ മിഷൻ നിർദേശിക്കുന്ന ഗുണനിലവാരം പെർഫോർമൻസ് എന്നിവ മെഷിനറിക്ക് ഉണ്ടോ എന്ന വിവരവും പരിശോധനാ വിധേയമാക്കിയിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

6.വാങ്ങിയ ഉപകരണത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിനും നഗരസഭയുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്ന വിധത്തിൽ സപ്ളെയറുമായി കരാർ വെക്കാതെ തുക നൽകിയതായിട്ടാണ് ഫയലിൽ നിന്ന് വ്യക്തമാവുന്നത്.സെക്രട്ടറിയുമായി കരാർ വെച്ചിട്ടുണ്ട് എന്ന് നോട്ട് ഫയലിൽ കുറിപ്പ് എഴുതിയിട്ടുണ്ട്. എന്നാൽ കരാർ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. അപാകത ശ്രദ്ധയിൽ പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഉപകരണം വാങ്ങി എങ്കിലും നാളിത് വരെ പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ല എന്നും പ്രവർത്തനക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നതായും ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷ എക്സിറ്റ് മീറ്റിങ്ങിൽ അറിയിക്കുകയുണ്ടായി.

വാങ്ങിയ ഉപകരണം പാഴ് ചെലവാകാതിരിക്കാൻ സ്വത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-14 കുടിവെള്ള പദ്ധതിക്ക് മോട്ടോർ.

സൗത്ത് സി.കെ നഗർ കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് തനത് ഫണ്ടിൽ നിന്ന് തുക ചെലവ് ചെയ്തിട്ടുണ്ട്. മോട്ടോർ സപ്ളെ ചെയ്ത ബ്രൈറ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് 217000943/31.03.2018 വൗച്ചർ പ്രകാരം 65720 രൂപ നൽകുന്നുണ്ട്. (ഫയൽ G3-02/2018). വൗച്ചർ പരിശോധിച്ച് താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. സ്ഥാപനം ഹാജരാക്കിയ ബിൽ നിയമപ്രകാരമുള്ളതല്ല. ടാക്സ് ഇൻവോയ്സ് ഇല്ലാതെ തുക അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

2.കുടിവെള്ളം പോലുള്ള അനിവാര്യ ഇനങ്ങൾക്ക് അടിയന്തിര സ്വഭാവം പരിഗണിച്ച് തനത് ഫണ്ടിൽ നിന്ന് തുക ചെലവ് ചെയ്യുന്നത് സ്വഭാവികമാണ്. എന്നാൽ ഈ ചെലവ് അടുത്ത പ്രോജക്ട് ഭേദഗതിയിൽ ഉൾപെടുത്തി പ്രോജക്ട് ചെലവായി കാണിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

അപാകത ശ്രദ്ധയിൽ പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുടിവെള്ള പ്രശ്നം പരിഹരിക്കേണ്ട അടിയന്തിര സാഹചര്യം ഉണ്ടായതിനാൽ ധൃതി പിടിച്ച് ഫയൽ നടപടികൾ നടത്തിയതിനാലാണ് ഇങ്ങനെ സംഭവിച്ചത് എന്നാ വിശദികരണം നൽകി. ടാക്സ് ഇൻവോയ്സിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-15 മസ്റ്റർ റോൾ സാക്ഷ്യപ്പെടുത്തുന്നില്ല.

നഗരസഭയിൽ താത്കാലിക അടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സെക്രട്ടറിയുടെ വൗച്ചറുകൾ പ്രകാരം ഓണറേറിയം നൽകുന്നുണ്ട്. ജീവനക്കാർ ജോലി ചെയ്തതിന് പിൻബലമായി മസ്റ്റർ റോൾ വൗച്ചറിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ ഈ മസ്റ്റർ റോളുകൾ ആധികാരികമല്ല എന്ന് പരിശോധനയിൽ വ്യക്തമാവുന്നു.

വൗച്ചറുകൾ സെക്രട്ടറി ഒപ്പ് വെക്കുകയോ, ചെയർമാൻ ഓതറൈസ് ചെയ്യുകയോ ചെയ്തിട്ടില്ല. മാത്രമല്ല മസ്റ്റർ റോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പരാമർശിത ദിവസങ്ങളിൽ ജീവനക്കാർ ജോലി ചെയ്തിട്ടുണ്ട് എന്ന് ബന്ധപ്പെട്ട സെക്ഷൻ സൂപ്പർവിഷൻ നടത്തുന്ന ഓഫീസർ സാക്ഷ്യപ്പെടുത്തിയാണ് മസ്റ്റർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത്. എന്നാൽ ഹെൽത്ത് വിഭാഗം ഒഴികെ ഇപ്രകാരം ചെയ്തിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| | വൌച്ചർ നമ്പർ | ഇനം | തുക |
|---|---|---|---|
| 1 | 21700649/30.11.2017 | ദിവസ വേതനം 10/17.നിഷിത.പി, ഡാറ്റാ എൻട്രി | 15204 |
| 2 | 21700648/30.11.2017 | ദിവസ വേതനം 10/17.സൽമ ബീഗം, ടി.എ | 21000 |
| 3 | 21700647/30.11.2017 | ദിവസ വേതനം 10/17.ഷാഹിദ, ഡാറ്റാ എൻട്രി | 17040 |
| 4 | 21700646/30.11.2017 | ദിവസ വേതനം 10/17.ഉമ്മു ജുമാന, ഫ്രന്റ് ഓഫാസ് | 16330 |
| 5 | 21700645/30.11.2017 | ദിവസ വേതനം 10/17.ഖൈറുന്നീസ, ഹെൽത്ത് ഇൻസ്പെക്ടർ | 4740 |
| 6 | 21700651/30.11.2017 | ദിവസ വേതനം 10/17.സുരേന്ദ്രൻ, സാനിറ്ററി വർക്കർ | 11110 |
| 7 | 21700650/30.11.2017 | ദിവസ വേതനം 10/17.സുബീർ, സാനിറ്ററി വർക്കർ | 13860 |
| 8 | 21700652/30.11.2017 | ദിവസ വേതനം 10/17.ഷീജ, സാനിറ്ററി വർക്കർ | 11110 |
| 9 | 21700653/30.11.2017 | ദിവസ വേതനം 10/17.അബ്ദു, സാനിറ്ററി വർക്കർ | 11110 |
| 10 | 21700654/30.11.2017 | ദിവസ വേതനം 10/17.ജയരാജൻ, സാനിറ്ററി വർക്കർ | 11110 |
| 11 | 21700656/30.11.2017 | ദിവസ വേതനം 10/17.വാസുദേവൻ, സാനിറ്ററി വർക്കർ | 11970 |
| 12 | 21700655/30.11.2017 | ദിവസ വേതനം 10/17.ഷീബ, സാനിറ്ററി വർക്കർ | 11110 |
| 13 | 21700657/30.11.2017 | ദിവസ വേതനം 10/17. ബിന്ദു, സാനിറ്ററി വർക്കർ | 13860 |
| 14 | 21700644/30.11.2017 | ദിവസ വേതനം 10/17.സൈറാ ബാനു, സാനിറ്ററി വർക്കർ | 14490 |

| | | | |
|---|---|---|---|
| 15 | 21700643/30.11.2017 | ദിവസ വേതനം 10/17.ഉണ്ണി കൃഷ്ണൻ, സാനിറ്ററി വർക്കർ | 15120 |
| 16 | 21700640/30.11.2017 | ദിവസ വേതനം 10/17.അബൂബക്കർ സിദ്ധീഖ്, ഡ്രൈവർ | 16440 |
| 17 | 21700642/30.11.2017 | ദിവസ വേതനം 10/17.മുഹമ്മദ് ഫൈസൽ, ഡ്രൈവർ | 15755 |
| 18 | 21700641/30.11.2017 | ദിവസ വേതനം 10/17.അലി ഹസൻ, ഡ്രൈവർ | 18450 |
| 19 | 21700585/09.11.2017 | ദിവസ വേതനം 10/17.മുജീബ് റഹ്മാൻ, ഓവർസിയർ | 14910 |

അപാകത ശ്രദ്ധയിൽ പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇത്തരം അപാകതകൾ ആവർത്തിക്കില്ല എന്ന് വിശദീകരണം നൽകി.

ചെലവ് തുക 264719 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ചെലവ് കൗൺസിൽ അറിവോടെയുള്ളതാണോ എന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-16 പ്രോജക്ട് തയ്യാറാക്കാതെ തനത് ഫണ്ടിൽ നിന്ന് നേരിട്ട് ചെലവ് ചെയ്യുന്നു.

പ്രോജക്ടിന്റെ ഭാഗമായി മാത്രം ചെയ്യേണ്ട ചെലവുകൾ തനത് ഫണ്ടിൽ നിന്ന് നേരിട്ട് ചെലവ് ചെയ്തതായി കാണുന്നു. അടിയന്തിര ഘട്ടത്തിൽ ഇപ്രകാരം തനത് ഫണ്ടിൽ നിന്ന് ചെലവ് ചെയ്യുന്ന തുക പിന്നീട് പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്ന അവസരത്തിൽ പുതുതായി പ്രോജക്ടായി ഉൾപെടുത്തുകയാണ് വേണ്ടത്. എന്നാൽ താഴെ രേഖപ്പെടുത്തിയ ചെലവുകൾ നഗരസഭ കൗൺസിലിന്റെ അംഗീകാരത്തോടെ സെക്രട്ടറി നേരിട്ട് ചെലവഴിച്ചതായിട്ടാണ് കാണുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവിനം | തുക | വൌച്ചർ | റിമാർക്സ് |
|---|---|---|---|---|
| 1 | മാലിന്യ പ്ലാന്റിൽ ഇൻസിനറേറ്റർ | 777150 | 21700631/10.11.2017 | പ്രത്യേക പരമാർശം ഉൾപെടുത്തിയിട്ടുണ്ട്. |
| 2 | സൌത്ത് സി.കെ കുടിവെള്ള പദ്ധതിക്ക് മോട്ടോർ | 65720 | 21700943/31.03.2018 | " |
| 3 | മാലിന്യ പ്ലാന്റിൽ ക്വാറി വേയ്സ്റ്റ് | 396495 | 217000825/09.02.2018 | " |
| 4 | ജി.എച്ച്.എസ്സ്.എസ്സ് തിരുരങ്ങാടിക്ക് ഫർണിച്ചർ | 329267 | 21700951/31.03.2018 | സിഡ്കോയിൽ നിന്ന് വാങ്ങി. എന്നാൽ ഇൻവോയ്സ് മാനേജർ ഒപ്പ് വെച്ചിട്ടില്ല |
| 5 | കൃഷിഭവന് ഫർണിച്ചർ | 53213 | 217000950/31.03.2018 | " |
| 6 | ജി.എച്ച്..എസ്സിന് ഫർണിച്ചർ | 494656 | 217000934/2603.2018 | " |

അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

## 3-17 അനുബന്ധ രേഖകൾ ഇല്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

താഴെ രേഖപ്പെടുത്തിയ വൌച്ചറുകളിൽ ചെലവ് ചെയ്ത തുക അതാതിന് നേരെ കാണിച്ച കാരണങ്ങളാൽ തടസ്സത്തിൽ വെക്കുന്നു.

| | വൗച്ചർ | ചെലവിനം | തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 21700732/24.11.2017 | NULM പ്രവർത്തനങ്ങൾക്കായി സി.ഡി.എസ്സിന് നൽകുന്നത് | 166483 | യൂട്ടിലൈസേഷൻ ഇല്ല |
| 2 | 217007586/09.11.2017 | ഇംപ്രസ്റ്റ് റീകുപ്പ് | 5000 | സബ് വൗച്ചറുകൾ ഇല്ല.<br>വൗച്ചർ ചെയർപേഴ്സൺ ഓതറൈസ് ചെയ്തിട്ടില്ല |
| 3 | 21700913/23.03.2018 | 1165795013714 കണക്ഷന്റെ വൈദ്യുതി ചാർജ് | 12887 | രസിതി ഇല്ല.<br>ഫയൽ നമ്പർ ഇല്ല. |
| 4 | 21700983/15.02.2018 | ടോണർ മാറ്റൽ | 3713 | ഓതറൈസ് ചെയ്തിട്ടില്ല. സെക്രട്ടറി വൗച്ചറിൽ ഒപ്പ് വെച്ചിട്ടില്ല |
| 5 | 21700828/09.02.2018 | വാഹനത്തിന്റെ ബാറ്ററി മാറ്റുന്നതിന്. | 5800 | ഇൻവെയ്സ് ഇല്ല.<br>ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 6 | 21700826/09.02.2018 | ജില്ലാ തല കേരളോത്സവം-യാത്രാപ്പടി | 15200 | വിശദാംശങ്ങൽ ഉള്ളടക്കം ചെയ്തിട്ടില്ല. കൗൺസിൽ തീരുമാനമില്ല. വൗച്ചർ ഓതറൈസ് ചെയ്തിട്ടില്ല |
| 7 | 21700798/09.02.2018 | വാഹനത്തിന് അക്സസറീസ് | 39800 | ഇൻവോയ്സ് ഇല്ല. ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 8 | 217007892/21.02.2018 | ഇംപ്രസ്റ്റ് റീകുപ്പ് | 4869 | സബ് വൗച്ചറുകൾ ഇല്ല.<br>വൗച്ചർ സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല. ചെയർപേഴ്സൺ ഓതറൈസ് ചെയ്തിട്ടില്ല |
| 9 | 21700909/22.02.2018 | ഇ.എം.ഡി റീഫണ്ട് | 10000 | വിശദാംശങ്ങൾ വ്യക്തമല്ല. ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |

വ്യക്തമായ രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 263752 തടസ്സത്തിൽ വെക്കുന്നു.

# 3-18 മരാമത്ത് വർക്ക് സെക്രട്ടറി നേരിട്ട് ചെയ്തു.

21700825/09.02.2018 വൗച്ചർ പ്രകാരം 396495 രൂപ തനത് ഫണ്ടിൽ നിന്ന് ശ്രീ.മുഹമ്മദ് അഷ്റഫ് എന്ന വ്യക്തിക്ക് നൽകുന്നുണ്ട്. മാലിന്യ പ്ലാന്റിൽ ക്വാറി വേയ്സ്റ്റ് ഇടുന്നതിന് എന്നാണ് വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തു നൽകുന്നത്. തുക നൽകിയ G3-14521/17 ഫയൽ പരിശോധിച്ച് താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.മാലിന്യ പ്ലാന്റിലേക്കുള്ള അപ്രോച്ച് റോഡ് ഉയർത്തുന്നതിനാണ് ഇപ്രകാരം തുക അനുവദിക്കുന്നത്. എഞ്ചിനീയറിങ്ങ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ സാങ്കേതികാനുമതി വാങ്ങുകയോ പൊതു മരാമത്ത് പ്രവൃത്തികളിൽ ചെയ്യേണ്ട നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല.

2.900m3 അളവിൽ ക്വാറിവേയ്സ്റ്റ് നിറക്കുന്നതിന് 445/m3 നിരക്കിലാണ് തുക നൽകുന്നത്. എന്നാൽ ചെയ്ത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തുകയോ, ചെക്ക് മെഷർ ചെയ്യുകയോ ചെയ്തിട്ടില്ല. നഗരസഭയിൽ പൂർണസജ്ജമായ എഞ്ചിനീയറിങ്ങ് വിഭാഗം ഉണ്ടായിരിക്കെ അവരുടെ സാനിദ്ധ്യം അപ്രസക്തമാക്കുന്ന വിധത്തിലാണ് ഈ പ്രവൃത്തി നിർവഹണം നടത്തിയിട്ടുള്ളത്.

3.ഫിൽ ഏരിയ 900m3 വരുന്നുണ്ട്. എന്നാൽ 300m3 ൽ അധികം ഫിൽ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ ചെയ്ത അളവ് സി.ടി.ഇ ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

4.ഇത്രയധികം ക്വാറി വേയ്സ്റ്റ് നിറക്കുന്നതിന് പ്രായോഗികമായി ചെയ്യേണ്ട മുൻകരുതലുകൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. റോഡിന്റെ ഇരു വശവും കരിങ്കൽ കെട്ടുകയോ, കോൺക്രീറ്റ് വാൾ നിർമിക്കുകയോ ചെയ്തതായി ഫയലിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ചെയ്യാതെ, ക്വാറി വേയ്സറ്റ് നിറക്കുന്നത് എങ്ങിനെ എന്ന് വ്യക്തമല്ല.

5.ഫയലിൽ നിന്ന് വ്യക്തമാവുന്നത് ഈ ഫില്ലിങ്ങ് വർക്ക് പ്രീമെഷർമെന്റ് രേഖപ്പെടുത്തേണ്ട വർക്കാണ് . എന്നാൽ ഫയൽ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ ശുപാർശക്കായി നൽകിയിട്ടില്ല എന്ന് കാണുന്നു.

6.പ്രോജക്ട് പ്രകാരമല്ല ചെലവ് ചെയ്തിട്ടുള്ളത്. തനത് ഫണ്ടിൽ നിന്ന് തുക നേരിട്ട് ചെലവ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. പിന്നിട് ഭേദഗതിയിൽ ഉൾപെടുത്തുകയോ ചെയ്തിട്ടില്ല.

അപാകത ശ്രദ്ധയിൽ പെടുത്തുന്നു. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-19 സാനിറ്റേഷൻ പ്രവർത്തനങ്ങൾക്ക് തുക. വിനിയോഗ വിശദാംശങ്ങൾ ഇല്ല.

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സെക്രട്ടറിയുടെ 21700308/29.06.2017 വൗച്ചർ പ്രകാരം 346125 രൂപ പിൻവലിക്കുന്നുണ്ട്. നഗരസഭയിലെ 39 വാർഡുകൾക്ക് 8875 രൂപ വീതം വാർഡ് സാനിറ്റേഷൻ സമിതികളുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയാണ് ചെയ്തിട്ടുള്ളത്.

വാർഡ് സാനിറ്റേഷൻ സമിതികൾ ഈ തുക എപ്രകാരം വിനിയോഗിച്ചു എന്ന് വ്യക്തമാക്കുന്ന ചെലവ് രേഖകൾ വൗച്ചറിൽ ഉള്ളടക്കം ചെയ്തിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും ഫയലിൽ ഇല്ല.

ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് വാർഡ് സമിതികളിൽ നിന്ന് വാങ്ങി ഫയലിൽ ഉള്ളടക്കം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

അപാകത ശ്രദ്ധയിൽ പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 16,26,29,32,31,39,2,3,37,38,28,27,30,34,14,23,20,21,22,24,36,10,6,9,33,25 വാർഡുകളിലെ രേഖകൾ ഹാജരാക്കുകയുണ്ടായി. ഇതിൽ 31,30, 34,9 വാർഡുകളിലേക്ക് നൽകിയ തുക പൂർണമായി വിനിയോഗിച്ചില്ല എന്ന് വ്യക്തമാവുന്നു. ഈ വാർഡുകളുടെ പാസ്സ് ബുക്കിൽ വലിയ തുക ചെലവഴിക്കാതെ കിടക്കുന്നുണ്ട്. ലഭ്യമായ ചെലവ് വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നത് മഴക്കാല പൂർവ ശുചീകരണ വർക്കുകൾ മിക്ക വാർഡുകളിലും നടക്കുന്നത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ്. മഴക്കാല പൂർവ ശുചീകരണം യഥാസമയം നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം ഇവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-20 ചെലവ് പത്രികയിൽ വസ്തുതാപരമായ പിഴവ്.

നഗരസഭയുടെ പ്രോജക്ടുകൾ, അവക്ക് വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ

അടിസ്ഥാന രേഖയാണ് ചെലവ് പത്രിക. സൂക്ഷ്മതയോടെ തയ്യാറാക്കേണ്ട ഈ രേഖയിലും വസ്തുതാപരമായ പിഴവുകൾ വന്നിട്ടുണ്ട് എന്ന് കാണുന്നു. പ്രോജക്ടിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്ന് ചെലവ് ചെയ്ത തുകകൾ പ്രോജക്ട് ചെലവായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. ഇത് നഗരസഭയുടെ പദ്ധതി ചെലവിന്റെ പുരോഗതി വിലയിരുത്തുന്നതിന് പ്രയാസം സൃഷ്ടിക്കുന്നു. പ്രോജക്ട് ചെലവ് , ചെലവ് പത്രികയിൽ പ്രതിഫലിക്കാതിരുന്നത് എന്ത്കൊണ്ട് എന്ന് വിശദികരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | വൌച്ചർ/ ബിൽ | തുക |
|---|---|---|
| 153/2018 | 71/31.03.2018-<br>73/31.03.2018- | 274363<br>151000 |
| 123/2018 മുനിസിപ്പൽ ഓഫീസ് അടിസ്ഥാന സൌകര്യം | തനത് ഫണ്ട് | 161744 |
| 225/2018 കൊടിമരം എൻ.എസ്.എസ്സ് റോഡ് | 64/31.03.2018 | 245940 |

അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

# 3-21 ടി. എ അഡ്വാൻസ് - ക്രമീകരിച്ചില്ല

**(Audit Enquiry 28/15.05.2019)**

സെക്രട്ടറിയുടെ തനത് ഫണ്ട് ചെലവുകളിൽ ഉൾപെടുത്തി 21700686/13.12.2017 വൗച്ചർ പ്രകാരം നഗരസഭ സെക്രട്ടറിയായ ശ്രീ.എസ്. ജയകുമാറിന് ടി.എ അഡ്വാൻസ് ആയി 10000 രൂപ അനുവദിച്ചിട്ടുണ്ട്. (ഫയൽ G1-10221/17). ഇപ്രകാരം നൽകുന്ന മുൻകൂർ തുക തൊട്ടടുത്ത ടി.എ ബില്ലിൽ നിന്ന് മൂന്ന് മാസത്തിനകം ക്രമീകരിക്കണം എന്നാണ് വ്യവസ്ഥ. എന്നാൽ മാർച്ച് വരെയുള്ള വൗച്ചറുകളിൽ ഈ തുക ക്രമീകരിച്ചിട്ടില്ല എന്ന് വ്യക്തമാവുന്നു. തുടർന്നും സെക്രട്ടറിക്ക് ടി.എ നൽകിയതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻകൂർ ക്രമീകരിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല.

തുകയുടെ ക്രമീകരണ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ടി.എ ബിൽ അംഗീകരിച്ച് ലഭിക്കാൻ കാലതാമസം വന്ന സാഹചര്യത്തിൽ നൽകിയതാണ് എന്നും ക്രമീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നും വ്യക്മാക്കിയിട്ടുണ്ട്. ക്രമീകരണ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു. മൂന്ന് മാസത്തിനകം ക്രമീകരിക്കാത്ത മുൻകൂറുകൾക്ക് 18% പലിശ ഈടാക്കണം എന്ന GO(P)419/2011/Fin. Dated 04.10.2011 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

# 3-22 തനത് ഫണ്ട് വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ അപാകത.

നഗരസഭയുടെ തനത് ഫണ്ട് വൗച്ചറുകൾ അടുക്കും ചിട്ടയുമില്ലാതെ അശ്രദ്ധമായിട്ടാണ് നിലനിർത്തിയിട്ടുള്ളത്. താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ ശ്രദ്ധയിൽ പെടുത്തുന്നു.

1.ബിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ബിൽ രജിസ്റ്ററിലെ ഓർഡർ പ്രകാരമല്ല വൗച്ചറുകൾ സൂക്ഷിച്ചിട്ടുള്ളത്.

2.ഓരോ മാസത്തേയും വൗച്ചറുകൾ പ്രത്യേക കെട്ടായി ടാഗ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ യഥേഷ്ടം എടുത്ത് മാറ്റാവുന്ന അവസ്ഥയിൽ സൂക്ഷിച്ചത് നഗരസഭാ അക്കൌണ്ടന്റിന്റെ വിഴ്ച്ചയാണ്. സൂപ്പർവിഷൻ നടത്തുന്നതിലും അപാകത വന്നിട്ടുണ്ട്.

3.നഗരസഭയിൽ പെയ്മെന്റിന് അടിസ്ഥാന ഘടകം ഫയൽ സംവിധാനമാണ്. എന്നാൽ ഫയൽ സംവിധാനം ഭാഗികമായി മാത്രമെ പ്രാവർത്തികമാക്കിയിട്ടുള്ളു. വൗച്ചറുകളിൽ ഫയൽ നമ്പർ രേഖപ്പെടുത്തുന്നതിൽ ശ്രദ്ധിച്ചിട്ടില്ല.

4.പ്രത്യേക ഫയലിൽ അല്ലാതെ പെയ്മെന്റ് നടന്ന വൗച്ചറുകളിൽ മിക്കതും ചെയർപേഴ്സൺ ഓതറൈസ് ചെയ്യാതെയാണ് പെയ്മന്റ് നടത്തിയിട്ടുള്ളത്. സെക്രട്ടറി പോലും ഒപ്പ് വെക്കാത്ത വൗച്ചറുകൾ ഫയലിൽ കാണുന്നത് ഗുരുതര വീഴ്ച്ചയാണ്.

5.പ്രത്യേക ഫയലിൽ അല്ലാതെ പെയ്മെന്റ് നടന്ന വൗച്ചറുകളിൽ ചെലവിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല. 21700780/08.02.2018 പ്രകാരം മൂന്ന് പാർക്കർ പേനക്കായി 855 രൂപ നൽകുന്നുണ്ട്. എന്നാൽ ഇത് ആരുടെ ഉപയോഗത്തിന് എന്ന് പരാമർശിക്കാുന്നില്ല.

6.നഗരസഭയിൽ ഉപയോഗിക്കുന്ന പ്രിന്ററുകളിലെ ടോണർ മാറ്റുന്നതിന് ധാരാളമായി തുക ചെലവ് ചെയ്യുന്നുണ്ട്. എന്നാൽ വൗച്ചറുകളിൽ ഏത് സെക്ഷനിൽ ഉപയോഗിക്കുന്നത് എന്ന് രേഖപ്പെടുത്താതെ തുക നൽകുന്നതായിട്ടാണ് കാണുന്നത്. ടോണർ റിഫില്ലിങ്ങ് പ്രത്യക ഫയലായി സൂക്ഷിക്കുന്നതിന് നടപടികൾ സ്വികരിക്കേണ്ടതാണ്.

7.ബിൽ രജിസ്റ്ററിൽ ഏതെങ്കിലും ഒരു മാസം ചെലവ് രേഖപ്പെടുത്തിയ പല വൗച്ചറുകളും തൊട്ടടുത്ത മാസങ്ങളിലെ കെട്ടുകളിലാണ് കാണുന്നത്. ഒരു മാസത്തെ ചെലവുകൾ അതേ മാസത്തെ വൗച്ചർ കെട്ടിൽ വെക്കാനുള്ള താത്പര്യം പോലും സെക്ഷൻ കാണിച്ചിട്ടില്ല എന്ന് വ്യക്തമാവുന്നു.

8.ഇടക്കിടെ ഇംപ്രസ്റ്റ് റീക്കൂപ്പ് ചെയ്യുന്നുണ്ട്. എന്നാൽ സബ് വൗച്ചറുകൾ ഉള്ളടക്കം ചെയ്യാതെ ഇംപ്രസ്റ്റ് റീക്കൂപ്പ് അനുവദിക്കുന്നതായിട്ടാണ് കാണുന്നത്.

9.ഇ.എം.ഡി റീഫണ്ട് അനുവദിക്കുന്ന വൗച്ചറുകളിൽ ഫയൽ നമ്പർ രേഖപ്പെടുത്തുകയോ, ഒറിജിനൽ രസീതി ഉള്ളടക്കം ചെയ്യുകയോ ,ബന്ധപ്പെട്ട വിഭാഗത്തിന്റെ റിപ്പോർട്ട് വാങ്ങുകയോ ചെയുന്നില്ല എന്ന് കാണുന്നു. 21700909/22.02.2018 വൗച്ചർ പ്രകാരം റീഫണ്ട് അനുവദിച്ച 10000 രൂപയുടെ വൗച്ചർ സെക്രട്ടറി ഒപ്പ് വെച്ചിട്ട് പോലും ഇല്ല.

10.നഗരസഭയുടെ മെയിൻ ബോർഡ് മാറ്റുന്നതിനും, കൗൺസിൽ ഹാളിൽ ഫാബ്രിക്കേഷൻ വർക്ക് നടത്തുന്നതിനും, ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനും തനത് ഫണ്ടിൽ നിന്ന് തുക ചെലവ് ചെയ്യുന്നുണ്ട്. എന്നാൽ ഫയൽ എഞ്ചിനീയറിങ്ങ് /ഹെൽത്ത് വിഭാഗത്തിന് കൈമാറി അവരുടെ അഭിപ്രായം തേടാതെയാണ് നിർവഹണം നടത്തുന്നത്.

11.പ:ർേച്ചസുകൾ നടത്തുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഇടപെടലുകളും ശുപാർശയും തീരുമാനവും അനിവാര്യമാണ്. എന്നാൽ ഈ കാലയളവിൽ നടത്തിയ വാങ്ങലുകൾ പർച്ചേസ് കമ്മിറ്റിയുടെ അറിവോടെയല്ല നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. ടാക്സ് ഇൻവോയ്സ് അനിവാര്യമായ പർച്ചേസുകൾക്ക് പോലും ടാക്സ് ഇൻവോയ്സ് അടിസ്ഥാനമാക്കിയല്ല തുക അനുവദിച്ചിട്ടുള്ളത്. സി.കെ നഗർ കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങിയത് പ്രത്യക പരാമർശമായി ഉൾപെടുത്തിയിട്ടുണ്ട്.

ഫയൽ സംവിധാനം വ്യവസ്ഥാപിതമായ രീതിയിൽ ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ കൈകൊള്ളേണ്ടതാണ്. ഫയൽ സംവിധാനത്തിലല്ലാതെ പെയ്മെന്റുകൾ നടത്തുന്നില്ല എന്ന് മുനിസിപ്പൽ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-23 സ്കോളർഷിപ്പ് വിതരണം ചെലവ് രേഖകൾ അപൂർണ്ണമാണ്.

2017-18 ൽ തിരുരങ്ങാടി ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൾ നിർവ്വഹണം നടത്തിയ സ്കോളർഷിപ്പ് വിതരണം എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിന്നായി ട്രഷറി ബിൽ നമ്പർ 7/28.3.18 പ്രകാരം വികസനഫണ്ട് 1250000 രൂപ നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 5/8.5.19നൽകിയതിനെ തുടർന്നു ഹാജറാക്കിയ രേഖകൾ പരിശോധിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ട്രഷറിയിൽ നിന്നു പിൻവലിച്ച 1250000 രൂപ 31.3.2018 -നു പ്രിൻസിപ്പളുടെ പേരിൽ തിരുരങ്ങാടി എസ്.ബി.ഐ യിൽ ഉള്ള 57031288807 നമ്പർ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു. പ്രസ്തുത അക്കൗണ്ടിൽനിന്നു പാസ് ബുക്ക് പ്രകാരം താഴെ പറയുന്ന പ്രകാരം ഡബിറ്റ് ചെയ്ത തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയതാണെന്ന പ്രിൻസിപ്പൾ അറിയിച്ചു

| ഇടപാടു തിയ്യതി | വിവരണം | ചെക്ക് നമ്പർ | തുക |
|---|---|---|---|
| 04.05.2018 | ഐ.ഇ.ഡി സ്കോളർഷിപ്പ് | 518167/17.4.2018 | 1129200 |
| 6.7.2018 | എസ്.ബി.ഐ | 518172 | 20700 |
| 7.7.2018 | NEFT to Ayisha Nasreen E.K | | 9900 |
| 7.7.2018 | NEFT to Muhammed Adnan | | 5100 |

| | | | |
|---|---|---|---|
| 6.9.2018 | ഐ.ഇ.ഡി | 518179 | 66600 |
| | ആകെ | | 1231500 |
| 19.12.2018 | | 518189 | 18500 |
| | ആകെ | | 1250000 |

1. ഇതിൽ 19.12.2018 ന പിൻവലിച്ച 18500 രൂപ ട്രഷറിയിൽ തിരിച്ചടച്ച ചെലാൻ നമ്പർ 93201819m/19.12.2018 ഹാജറാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് തുക കൈമാറിയതിന്ന കൈപറ്റ് രശീതിയോ UTR status റിപ്പോർട്ടോ ലഭ്യമല്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

2. 2017-18 ലെ പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി ട്രഷറിയിൽ നൽകിയ ബിൽ പ്രാകാരം തുക ട്രഷറിയിൽനിന്ന തന്നെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറാമെന്നിരിക്കെ മറ്റൊരു അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ആയതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

3. 1. 9.2.18 ലെ 11(12) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ അംഗീകരിച്ചതായി തീരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീരുമാനത്തിൽ ഗുണഭോക്താക്കളെ ലിസ്റ്റ് ചെയ്തിട്ടില്ല. പ്രിൻസിപ്പൾ ഹാജറാക്കിയ രേഖകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന സാക്ഷ്യപ്പെടുത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഇല്ല. ലിസ്റ്റ് ഹാജറാക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ 17/13.5.19 ന മറുപടി ലഭിച്ചിട്ടില്ല.) അപാകതകൾ പരിഹരിച്ച ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്. 1231500 രൂപയുടെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-24 ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 9 ഉപവകുപ്പ് (1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം(ജൂലൈ 31) ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ നഗരസഭക്ക് വിട്ടുകിട്ടിയ സ്ഥാപനമായ ഗവ. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, തിരൂരങ്ങാടിയിൽ രൂപീകരിച്ചിട്ടുള്ള ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ 2012-13 മുതൽ 2017-18 (2014-15 ഒഴികെ) വരെയുള്ള വരവ്-ചെലവ് കണക്കുകൾ സമർപ്പിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നം. കെ.എസ്.എ.എം.പി.എം16/59/2018 തീയ്യതി 14.11.2018 പ്രകാരം കത്തു നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വരവ്-ചെലവ് കണക്കുകൾ ഓരോ വർഷവും ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നോട്ടം കാര്യക്ഷമമാക്കേണ്ടതുമാണ്. ലഭ്യമാക്കാൻ അവശേഷിക്കുന്ന വരവ്-ചെലവ് കണക്കുകൾ അടിയന്തിരമായി സമർപ്പിക്കാൻ കർശന നിർദ്ദേശം നൽകേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിററി | മണ്ണാറക്കൽ എസ്.സി കോളനി പൈപ്പ് ലൈൻ നീളം കൂട്ടൽ | 481609/22.09.17 | 450000 | 450000 | പൂർത്തീകരിച്ച | 0 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിററി | നെല്ലിക്കാചിറ കുന്നത്ത് കോളനി പൈപ്പ് ലൈൻ നീളം കൂട്ടൽ | 1113586/06.3.18 | 180000 | 180000 | പൂർത്തീകരിച്ചു | 0 |
| കേരള വാട്ടർ അതോറിററി | വിവിധ പൈപ്പ് ലൈൻ നീളം കൂട്ടൽ, വികസനം | 1344051/28.03.18 | 700000 | 600000 | പൂർത്തീകരിച്ചു | 100000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

# 4-4 വായ്പ തിരിച്ചടവ്

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 15410048 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 480014 |
| ആകെ | 15890062 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15890062 |

2017-18 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | തുക |
|---|---|
| തിരൂരങ്ങാടി കോപ്പറേററീവ് ബാങ്ക് 18989 | 4881233 |
| 18988 | 2766174 |
| കേരള ഗ്രാമീൺ ബാങ്ക് 40275201200003 | 5448146 |
| 40275141400003 | 64327 |
| 40275201200004 | 676163 |
| 40275141300013 | 19386 |
| കനറ ബാങ്ക് 0825401001658 | 2034633 |
| ആകെ | 15890062 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2017-18 വർഷത്തിൽ ലഭിച്ച 31660 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-7 | 1660 | കോയ വെള്ളക്കാൻതൊടി, സെക്രട്ടറി(റിട്ട) | 1177150106568/8-1-2018 |
| 2012-13, 2013-14 | 3-3 | 30000 | വിശ്വനാഥൻ കെ.എ, ഹെഡ്മാസ്റ്റർ | 1177150108377/15.2.18 |
| ആകെ | | 31660 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസസഭയുടെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11<br>11-12 | 3(15) | 2012-13 | | ദുരിതാശ്വാസനിധി- ലഘു അവലോകനം | നടപടികൾ തുടരുന്നു |
| 2014-15 | 3(1) | 2015-16 | | വെള്ളക്കരം അവലോകനം | |
| 2014-15 | 2(2), 2(3) | 2016-17 | | | |

# 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1996-97 (ചാർജ്ജ്) | 35, 38(1), 40 | ശ്രീ.സി അബൂബക്കർ, സെക്രട്ടറി | LF 7188/Spl.Cell/SC3/2000 Dt. 15.12.2001 | 574 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| 2 | 1996-97 (സർചാർജ്ജ്) | 57 | ശ്രീ.സി അബൂബക്കർ, സെക്രട്ടറി | LF 7188/Spl.Cell/SC3/2000 Dt. 15.12.2001 | 112 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| 3 | 1996-97 (ചാർജ്ജ്) | 38(2), 38(3),44(എ), (ബി),45,46(എ), (ബി),48 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 7188/Spl.Cell/SC3/2000 Dt. 15.12.2001 | 83151 | 80269 രൂപ DCRG-യിൽ നിന്നും ഈടാക്കി, 2882 ഈടാക്കാനവശേഷിക്കുന്നു |
| 4 | 1996-97 (സർചാർജ്ജ്) | 50(1), 54,55,64 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 7188/Spl.Cell/SC3/2000 Dt. 15.12.2001 | 1356 | 385 രൂപ DCRG-യിൽ നിന്നും ഈടാക്കി, 971 ഈടാക്കാനവശേഷിക്കുന്നു |
| 5 | 1998-99 (സർചാർജ്ജ്) | 44, 46(എ), 48,61,62 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 15741/Spl.Cell/SC5/04 Dt. 07.04.2005 | 39881 | 38989 രൂപ DCRG-യിൽ നിന്നും ഈടാക്കുകയും, 892 രൂപ സ്വയം അടവാക്കുകയും ചെയ്തു |
| 6 | 1999-01 (സർചാർജ്ജ്) | 41, 42, 43 | ശ്രീ. എ.കെ അബ്ദുൽ അസീസ് | LF 10627/Spl.Cell/SC5/05 Dt. 09.2010 | 73243 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| 6 | 2002-03 | 3-3 | ശ്രീ. എ.കെ | LF | 9044 | 9044 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | (സർചാർജ്ജ്) | | അബ്ദുൽ അസീസ് | 8486/Spl.Cell/SC5/09 Dt. 05.02.2010 | | ഈടാക്കാനവശേഷിക്കുന്നു |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96309335 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82572915 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 66950 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4624858 |

**ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായതുക | | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2352 | ശ്രീമതി. ദീപതി എൽ, അസി.എഞ്ചിനിയർ |
| 3-5 | | 59708 | ശ്രീ. എസ് ജയകുമാർ ,സെക്രട്ടറി |
| 3-12 | | 4890 | |
| ആകെ | | 66950 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 39918 | ശ്രീ. അബുസയ്യദ് എസ്, അസി. എഞ്ചിനീയർ |
| 3-3 | 215100 | ശ്രീ. ജയകുമാർ എസ്, സെക്രട്ടറി |
| 3-4 | 44380 | |
| 3-6 | 1316124 | |
| 3-13 | 777150 | |
| 3-14 | 65720 | |
| 3-15 | 264719 | |
| 3-17 | 263752 | |
| 3-18 | 396495 | |
| 3-21 | 10000 | |
| 3-23 | 1231500 | ശ്രീ. മൊഹമ്മദലി എൻ, പ്രിൻസിപ്പാൾ(ഇൻ ചാർജ്ജ്) |
| ആകെ | 4624858 | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 18978 | ശ്രീ. ജയകുമാർ എസ്, സെക്രട്ടറി |
| | | |

| | | |
|---|---|---|
| 3-4 | 17790 | |
| 3-5 | 8956 | |
| | 45724 | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജയകുമാർ എസ് ,സെക്രട്ടറി. | സെക്രട്ടറി, കട്ടപ്പന നഗരസഭ, ഇടുക്കി | നമ്പർ 616 – ലക്ഷ്മി ഗാർഡൻസ്, കാഞ്ഞിരംകുളം പി.ഒ, തിരുവനന്തപുരം-695524 |
| ശ്രീമതി. ദീപ്തി എൽ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, LSGD സെക്ഷൻ, കൊട്ടമൺ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | വട്ടക്കുന്നിൽ ഹൗസ്, പെരുംപുളിക്കൽ, മന്നം നഗർ, പത്തനംതിട്ട-689501 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1979-80 | എൽ എഫ് എം 15/2018/94<br>തിയതി 3.7.10 | 11 |
| 2 | 1982-83 | എൽ എഫ് എം9/2021/94<br>തിയതി 3.10.10 | 40 |
| 3 | 1985-86 | എൽ എഫ് എം9/2024/94<br>തിയതി 10.10.10 | 4 |
| 4 | 1988-89<br>1989-90 | എൽ എഫ് എം6/214/95<br>തിയതി 10.10.10 | 2 |
| 5 | 1990-91 | എൽ എഫ് എം6/648/96<br>തിയതി 3.7.10 | 12 |
| 6 | 1991-92 | എൽ എഫ് എം6/1251/94<br>തിയതി 3.7.10 | 17 |
| 7 | 1992-93<br>1993-94 | എൽ എഫ് എം6/1000/96<br>തിയതി 3.7.10 | 17 |
| 8 | 1994-95<br>1995-96 | എൽ എഫ് എം6/1014/97<br>തിയതി 10.10.10 | 30 |
| 9 | 1996-97 | എൽ എഫ് എം15/617/99<br>തിയതി 10.10.10 | 11 |
| 10 | 1998-99 | എൽ എഫ് എം14/487/01<br>തിയതി 10.10.10 | 2 |
| 11 | 1999-00 | എൽ എഫ് എം17/849/06 | 9 |

| | | | |
|---|---|---|---|
| | | തിയതി 10.10.10 | |
| 12 | 1999-2002(പ്ലാൻ) | എൽ എഫ് എം14/877/04<br>തിയതി 12.10.10 | 40 |
| 13 | 2000-01 | എൽ എഫ് എം17/1672/06<br>തിയതി 10.10.10 | 4 |
| 14 | 2001-02 | എൽ എഫ് എം10/1858/06<br>തിയതി 10.10.10 | 9 |
| 15 | 2002-03 | എൽ എഫ് എം17/67/08<br>തിയതി 10.10.10 | 3 |
| 16 | 2003-04 | എൽ എഫ് എം17/68/08<br>തിയതി 10.10.10 | 8 |
| 17 | 2004-05 | എൽ എഫ് എം17/2239/08<br>തിയതി 3.7.10 | 14 |
| 18 | 2005-06 | എൽ എഫ് എം14/738/11/<br>തിയതി 28.5.11 | 10 |
| 19 | 2006-07 | എൽ എഫ് എം14/1576/11<br>തിയതി 15.11.11 | 19 |
| 20 | 2007-08 | എൽ എഫ് എം14/1291/12/<br>തിയതി 19.11.12 | 15 |
| 21 | 2008-09 | എൽ എഫ് എം14/1292/12/<br>തിയതി 19.11.12 | 12 |
| 22 | 2009-10 | എൽ എഫ് എം14/1293/12/<br>തിയതി 16.11.12 | 8 |
| 23 | 2010-11<br>2011-12 | എൽ എഫ് എം14/399/13<br>തിയതി 12.7.13 | 18 |
| 24 | 2012-13<br>2013-14 | കെ എസ് എ എം പി എം14/1638/14<br>തിയതി 29.5.15 | 20 |
| 25 | 2014-15 | കെ എസ് എ എം പി എം25/3388/16<br>തിയതി 12.7.17 | 20 |
| 26 | 2015-16 | കെ എസ് എ എം പി എം25/240/17<br>തിയതി 20.6.18 | 10 |
| 27 | 2016-17 | കെ.എസ്.എ.എം.പി.എം.25/2359/17<br>തിയതി 30.11.17 | 17 |

കുറിപ്പ്

1979-80 മുതൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള പരാമർശങ്ങൾ തീർപ്പാക്കാനുള്ള ഭരണസമിതിയുടെ ഇടപെടലുകൾ പ്രത്യേകമായി ഉണ്ടാകേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം

# അനുബന്ധം-1 ഓഡിററ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.എം.പി.എം.25/2058/2018

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം, മലപ്പുറം

തീയതി: 10.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(6) വകുപ്പ്, 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**